GOVT. L.P. SCHOOL
ESTD 1925
THARIODE

# വിദ്യാദീപ്തി

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026




## ഗവ . എൽ. പി. സ്കൂൾ തരിയോട്

# മാസ്റ്റർ പ്ലാനിന് ഒരാമുഖം

കേരളസർക്കാർ നടപ്പിലാക്കി വരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ സ്കൂളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഓരോ ക്ലാസ്സിലും വിവിധ വിഷയങ്ങളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ , ശേഷികൾ , മനോഭാവങ്ങൾ , മൂല്യങ്ങൾ എന്നിവ വികസിപ്പിക്കാനുള്ള പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ട് ഓരോരുത്തരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങളാണ് ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്. വരും തലമുറയെ ആധുനികകാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുന്നതിനും തനതായ ജീവിതരീതികളിലൂടെ കഴിവുള്ളവരും പ്രാപ്തരുമായി മാറ്റുനനതിന് ഈ മികവ് സഹായകരമാകും.

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയെയും അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# പ്രവേശനോത്സവം

**ആമുഖം**

അക്ഷരലോകത്തേക്ക് ആദ്യമായെത്തുന്ന കുരുന്നുകളെ ഹൃദ്യമായി സ്വാഗതം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ സ്കൂളിലും പ്രവേശനോത്സവം നടത്തുന്നത്. സ്കൂളിലെ ആദ്യ ദിനം ആഹ്ലാദകരവും രസകരവുമാക്കുന്നതിന് പ്രവേശനോത്സവത്തിലൂടെ സാധിക്കുന്നു. സൗഹൃദെ പങ്കുവച്ചും കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചും ഈ ദിനം കടന്നു പോകുമ്പോൾ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമായി മാറുന്നു പ്രവേശനോത്സവം.

**ലക്ഷ്യം**

- കുട്ടികൾക്ക് സ്കൂൾ പരിചിതമാക്കിയെടുക്കുക.
- സ്കൂളിൽ സൗഹൃദാന്തരീക്ഷമൊരുക്കുക.

**പ്രവർത്തനങ്ങൾ**

- സമ്മാനമരം- കുട്ടികളുടെ പേരെഴുതിയ കിറ്റുകള് മരത്തില് തൂക്കി ആകര് ഷകമാക്കുന്നു. ഇതിലെഴുതിയ പേരുനോക്കി കുട്ടികള് സമ്മാനങ്ങള് എടുക്കുന്നു. വായിക്കാനറിയാത്തവരെ സഹായിക്കുന്നു.
- പ്രവേശനോത്സവ റാലി
- കലാപരിപാടികൾ
- പായസവിതരണം

**നിർവ്വഹണച്ചുമതല**

എസ്. ആർ ജി. , പി. ടി. എ.

**ധനകാര്യ വിശകലനം**

സമ്മാനമരം - 500/-
സ്റ്റേഷനറി - 500/-

**കാലയളവ്**

1 ദിവസം

**മോണിറ്ററിംഗ്**

പി.ടി.എ. പ്രസിഡന്റ് , എം.പി.ടി.എ. പ്രസിഡന്റ്, എസ്. ആർ. ജി. കൺവീനർ

# ഭാഷ

## ആമുഖം

*മാതൃഭാഷ ശരിയായി മനസ്സിലാക്കാനും പ്രയോഗിക്കാനും സംസാരത്തിലും പെരുമാറ്റത്തിലും ഔചിത്യപൂർവ്വം മാറ്റങ്ങൾ വരുത്താനും കഴിയുന്നവരാണ് കുട്ടികൾ. ഈ ശേഷികൾ പടിപടിയായി മെച്ചപ്പെടുത്തിക്കൊണ്ട് ഗ്രഹണനൈപുണിയും പ്രയോഗനൈപുണിയും ഉയർന്ന തലത്തിൽ എത്തിക്കുക എന്നതാണ് പ്രാഥമികക്ലാസ്സുകളിലെ ഭാഷാപഠനത്തിന്റെ ലക്ഷ്യം. തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻകുട്ടിയെ പ്രാപ്തനാക്കുക എന്നത് ഭാഷാപഠനത്തിന്റെ ആത്യന്തികലക്ഷ്യമാണ്. നമ്മുടെ ഭാഷാസാഹിത്യരൂപങ്ങൾ വായിച്ചു ഗ്രഹിക്കുക,ആസ്വാദനപരവും അപഗ്രഥനപരവുമായ ചർച്ചകളിൽ പങ്കെടുക്കുക, അവയോടുള്ള പ്രതികരണമെന്ന നിലയിൽ രചനകളിലും മറ്റാവിഷ്കാരങ്ങളിലും ഏർപ്പെടുക എന്ന രീതിയിലുള്ള ഭാഷാപഠനരീതിയാണ് നാം സ്വീകരിച്ചിട്ടുള്ളത്.*

# <u>വായന- പ്രവർത്തനങ്ങൾ</u>
## <u>*ലൈബ്രറി*</u>

**<u>ആമുഖം</u>**

വൈവിധ്യമാർന്ന വായനാനുഭവങ്ങൾ ലഭിക്കുന്നതിനും കഥ,കവിത തുടങ്ങി ഭാഷയുടെ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നതിനും ലൈബ്രറി ഒരു മുതൽക്കൂട്ടാണ്. വിവിധങ്ങളായ വായനാതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നതിനും വായനയോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ലൈബ്രറി പ്രയോജനപ്പെടുത്താം.

**<u>ലക്ഷ്യങ്ങൾ</u>**

- പ്രായത്തിനനുസരിച്ച് താല്പര്യമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുക.
- സ്വയം പഠനത്തിന് സാഹചര്യമൊരുക്കുക.
- സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

***<u>സ്കൂൾ ലൈബ്രറി</u>***

- ➢ പ്രൈമറി തലത്തിനനുയോജ്യമായ പുസ്തക സമാഹരണം( പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന്, പിറന്നാളിന് പുസ്തകം പദ്ധതിയിലൂടെ)
- ➢ വിഷയാടിസ്ഥാനത്തിൽ പുസ്തകക്രമീകരണം
- ➢ ഇരുന്ന് വായിക്കാനുള്ള സൗകര്യമൊരുക്കൽ
- ➢ ഉദ്ഘാടനം - പഞ്ചായത്ത് പ്രസിഡന്റ്
- ➢ അധ്യാപകനെയും കുട്ടിയെയും (സ്കൂൾ ലൈബ്രേറിയൻ) ചുമതല ഏൽപ്പിക്കുന്നു.
- ➢ വിതരണ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നു.
- ➢ വായിച്ച പുസ്തകത്തെപ്പറ്റി അസംബ്ലിയിൽ റിവ്യൂ നടത്താൻ അവസരം

***<u>ക്ലാസ്സ് ലൈബ്രറി</u>***

- ➢ ക്ലാസ്സിന്റെ പ്രത്യേകതയനുസരിച്ച് പുസ്തകശേഖരണം (പിറന്നാളിന് പുസ്തകം- ക്ലാസ്സിന്)
- ➢ സ്കൂൾ ലൈബ്രറിയിൽ നിന്ന് തെരഞ്ഞെടുക്കുന്നു.
- ➢ ക്ലാസ്സിൽ അനുയോജ്യമായ സ്ഥലത്ത് ലൈബ്രറി സ്ഥാപിക്കുന്നു.
- ➢ വായനാസാമഗ്രികളുടെ ഉപയോഗം എങ്ങനെയെന്ന് ബോധ്യപ്പെടുത്തുന്നു.

- റീഡിംഗ് മെറ്റീരിയൽ സജ്ജീകരിക്കുന്നു.
- സി.പി.ടി.എ. പ്രതിനിധിയെക്കൊണ്ട് ഉദ്ഘാടനം

- ഒരു കുട്ടിയ്ക്ക് ചുമതല (ക്ലാസ്സ് ലൈബ്രേറിയൻ)
- വിതരണ രജിസ്റ്റർ
- വായനാക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ക്ലാസ്സിൽ അവതരണം, മികച്ചത് അസംബ്ലിയിൽ അവതരണം

**നിർവ്വഹണച്ചുമതല**

വിദ്യാരംഗം കൺവീനർ, സ്കൂൾ ലൈബ്രേറിയൻ, ക്ലാസ്സ് അധ്യാപകർ, ക്ലാസ്സ് ലൈബ്രേറിയൻ, എം.പി.ടി.എ. പ്രസിഡന്റ്

**ധനകാര്യവിശകലനം**

| | | |
|---|---|---|
| പൂർവ്വവിദ്യാർത്ഥികൾ | - | 5000/- |
| സംഘടനകൾ, ക്ലബ്ബുകൾ | - | 3000/- |
| പി. ടി. എ. | - | 2000/- |
| | | 10000/- |

**കാലയളവ്**

5 വർഷം

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ് , വിദ്യാരംഗം കൺവീനർ, എം.പി.ടി.എ. പ്രസിഡന്റ്, എസ്. ആർ. ജി. കൺവീനർ

---

# ശ്രാവ്യവായനയും ആശയഗ്രഹണവായനയും

***ആമുഖം***

വായന അടിസ്ഥാനപരമായി ആശയസ്വാംശീകരണത്തിന് വേണ്ടിയുള്ളതാണ്. സ്വയം വായിക്കുന്നതും മറ്റൊരാൾ വായിച്ചുകേൾക്കുന്നതും ആശയസ്വാംശീകരണത്തിന് കുട്ടിയെ സഹായിക്കുന്നു. അക്ഷരങ്ങളുടെയും പദങ്ങളുടെയും ശരിയായ ഉച്ചാരണം തിരിച്ചറിയുന്നത് വായിച്ചുകേൾക്കുന്നതിലുടെയാണ്.

ഒഴുക്കോടെ വായിക്കുക , ഉച്ചാരണശുദ്ധിയോടെ വായിക്കുക , ഭാവം ഉൾക്കൊണ്ട് വായിക്കുക, ചിഹ്നങ്ങളുടെ അർത്ഥം ഉൾക്കൊണ്ട് വായിക്കുക എന്നിങ്ങനെ വായനയുടെ വിവിധ തലങ്ങളിലേക്ക് കുട്ടിയെ നയിക്കുന്നതിന്

ആശയഗ്രഹണവായന സഹായിക്കുന്നു.

**ലക്ഷ്യങ്ങൾ**

- ആശയം ഉൾക്കൊണ്ട് ആവശ്യമായ ഭാവത്തോടെയും ശബ്ദവ്യതിയാനത്തോടെയും ഒഴുക്കോടെ വായിക്കുന്നു.
- ലളിതമായ ചോദ്യങ്ങൾക്ക് പ്രതികരിക്കുന്നു.
- കഥാപാത്രങ്ങളുടെ സ്വാഭാവം , സന്ദർഭം എന്നിവയെക്കുറിച്ച് പ്രതികരിക്കുന്നു.

**പ്രവർത്തനങ്ങൾ**

- വായനാമെറ്റീരിയലുകൾ ശേഖരിക്കുന്നു.(കവിതകൾ,ലഘുകഥകൾ,...)
- ക്ലാസ്സിൽ ടീച്ചറുടെ വായന, കുട്ടിയുടെ വായന
- അസംബ്ലിയിൽ പൊതുവായന
- പാഠപുസ്തകം ഉറക്കെ വായിക്കൽ
- അസംബ്ലിയിൽ വാർത്ത വായിക്കൽ
- അറിയിപ്പ്, നോട്ടീസ് എന്നിവ ഉറക്കെ വായിക്കൽ
- കേട്ട കാര്യങ്ങൾ പങ്ക് വെക്കാൻ അവസരം
- ചോദ്യോത്തരമേള സംഘടിപ്പിക്കൽ
- കഥാപാത്രങ്ങളെ / സന്ദർഭങ്ങളെ വിലയിരുത്തൽ

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, വിദ്യരംഗം കൺവീനർ, ക്ലാസ്സ് ലീഡർ , അസംബ്ലി കോ-ഓർഡിനേറ്റർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ. പ്രസിഡന്റ്, വിവിധ ക്ലബ്ബുകളുടെ കൺവീനർമാർ

---

# വായനാക്കുറിപ്പ്

**ആമുഖം**

എൽ.പി.ക്ലാസ്സുകളിലെ കുട്ടികൾ മികച്ച രീതിയിൽ സ്വതന്ത്രരചനകളിൽ ഏർപ്പടേണ്ടതുണ്ട്. അതിനായി വൈവിധ്യമാർന്ന സന്ദർഭങ്ങൾ കുട്ടികൾക്ക് ക്ലാസ്സുമുറികളിൽ ലഭിക്കണം. വായന സ്വതന്ത്രരചനകളിലേക്ക് നയിക്കാൻ കഴയുന്ന ഒരു ഉപാധിയാണ്. വായിച്ചും കേട്ടും കണ്ടും മനസ്സിലാക്കിയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ

രേഖപ്പെടുത്തി വെയ്ക്കാൻ വായനാക്കുറിപ്പിലൂടെ സാധിക്കുന്നു. വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നതിനും , പങ്കുവെയ്ക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അവസരങ്ങൾ ധാരാളമായി ക്ലാസ്സുമുറികളിൽ ലഭിക്കേണ്ടതുണ്ട്.

**ലക്ഷ്യം**

- വായനയിലൂടെ നേടിയ ആശയം സ്വന്തം ഭാഷയിൽ എഴുതി പ്രകടിപ്പിക്കുന്നു.
- സ്വതന്ത്രമായി സർഗാത്മകരചനകളിൽ ഏർപ്പെടുന്നു.
- മറ്റുള്ളവരുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു

**പ്രവർത്തനങ്ങൾ**

- ➢ വായനാമെറ്റീരിയലുകൾ തയ്യാറാക്കൽ, ശേഖരിക്കൽ
- ➢ ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ
- ➢ ശ്രാവ്യവായന , ആശയഗ്രഹണവായന എന്നിവയ്ക്ക് അവസരം നൽകൽ
- ➢ ചർച്ച- കഥാപാത്രങ്ങൾ/സ്വാഭാവം/സന്ദർഭം കണ്ടെത്തൽ, പറയൽ
- ➢ സംഭാഷണം തയ്യാറാക്കൽ
- ➢ ഇഷ്ടപ്പെട്ട ഭാഗം / കഥാപാത്രം പറയൽ
- ➢ സന്ദർഭത്തിനനുയോജ്യമായ ചിത്രം വരയ്ക്കൽ
- ➢ വായനാക്കുറിപ്പ് തയ്യാറാക്കൽ ( ആഴ്ചയിൽ ഒന്ന് )
- ➢ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ➢ അസംബ്ലിയിൽ വായനാക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് അവതരണം
- ➢ വായനാപ്പതിപ്പ് (മാസത്തിൽ ഒന്ന്)
- ➢ വായനാക്വിസ്സ് (ടേമിൽ ഒന്ന് )
- ➢ മെഗാക്വസ്സ് (അധ്യയനവർഷം അവസാനം)

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, വിദ്യരംഗം കൺവീനർ, ക്ലാസ്സ് ലീഡർ , അസംബ്ലി കോ-ഓർഡിനേറ്റർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ. പ്രസിഡന്റ്, വിവിധ ക്ലബ്ബുകളുടെ കൺവീനർമാർ, എസ്.ആർ.ജി കൺവീനർ

## അമ്മ വായന

**ആമുഖം**

ഒരു കുട്ടി ആദ്യം പരിചയപ്പെടുന്ന അധ്യാപിക അമ്മയാണ്. കുട്ടിയിലെ വായനയെ വളർത്തുന്നതിന് അമ്മമാർക്ക് വലിയ പങ്കുണ്ട്. അതുകൊണ്ട് തന്നെ അമ്മ വായനയെ പ്രോത്സാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്കൂൾ ലൈബ്രറി , ക്ലാസ്സ് ലൈബ്രറി പ്രവർത്തനങ്ങളിൽ അമ്മമാരെയും കൂടി ഉൾപ്പെടുത്തുന്നത് അവർക്ക് വായനയിൽ താല്പര്യമുളവാക്കുന്നതിനും അതുവഴി കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നു.

**ലക്ഷ്യം**

- അമ്മമാരിലെ വായന പ്രോത്സാഹിപ്പിക്കുക അതുവഴി കുട്ടിയെയും വായനയ്ക്ക് പ്രേരിപ്പിക്കുക.
- സ്കൂൾ ക്ലാസ്സ് പ്രവർത്തനങ്ങളിൽ അമ്മമാരുടെ പങ്കാളിത്തം ഉറപ്പാക്കുക.
- കുട്ടിയുടെ പഠനപ്രവർത്തനങ്ങളിൽ അമ്മമാരെ ഭാഗഭാക്കാക്കുക.

**പ്രവർത്തനങ്ങൾ**

- ➢ അമ്മമാർക്ക് ഇഷ്ടാനുസരണം പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം ഒരുക്കൽ
- ➢ അമ്മ ലൈബ്രേറിയൻ
- ➢ വിതരണ രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കൽ
- ➢ വായനക്കുറിപ്പ് തയ്യാറാക്കൽ
- ➢ അമ്മ വായന- അസംബ്ലിയിൽ
- ➢ അമ്മമാർക്ക് ക്വിസ്സ് മത്സരം സംഘടിപ്പിക്കൽ
- ➢ വായന പതിപ്പ് തയ്യാറാക്കൽ
- ➢ അമ്മ വായിച്ച് പറഞ്ഞുതന്ന കഥ കുട്ടിക്ക് അസംബ്ലിയിൽ പറയാൻ അവസരം

**നിർവ്വഹണച്ചുമതല**

അമ്മ ലൈബ്രേറിയൻ, ക്ലാസ്സ് അധ്യാപകർ, എം.പി.ടി.എ. പ്രസിഡന്റ്, എസ്.ആർ.ജി കൺവീനർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ. പ്രസിഡന്റ്, എസ്. ആർ. ജി കൺവീനർ

## ക്വിസ്സ്

**ആമുഖം**

മത്സരാധിഷ്ഠിത ജീവിതകാലഘട്ടത്തിൽ ക്വിസ്സ് മത്സരങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ദിനാചരണങ്ങളുടെ ഭാഗമായും മേളകളോടനുബന്ധിച്ചും ധാരാളം ക്വിസ്സ് മത്സരങ്ങൾ ഇന്ന് സ്കൂളുകളിൽ നടത്തപ്പെടുന്നുണ്ട്. സ്വാതന്ത്ര്യദിനക്വിസ്സ്, ഗണിതക്വിസ്സ്, ചാന്ദ്രദിനക്വിസ്സ്, സാഹിത്യക്വിസ്സ്, പരിസ്ഥിതി ക്വിസ്സ് തുടങ്ങിയവ ഉദാഹരണങ്ങളാണ്. മത്സരബുദ്ധി വളർത്തുന്നതിനും ജയപരാജയങ്ങളെ പറ്റി ബോധവാൻമാരാക്കുന്നതിനും ഓർമ്മ ശക്തി വർധിപ്പിക്കുന്നതിനും ക്വിസ്സ് മത്സരങ്ങൾ സഹായിക്കുന്നുണ്ട്.

**ലക്ഷ്യം**

- കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കുക.
- അന്വേഷണത്വര വളർത്തുക.
- പൊതുവിജ്ഞാനം വർധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

***പത്രവാർത്താക്വിസ്സ്-***

- ➢ ദിനപത്രങ്ങളിലെ ആനുകാലിക സംഭവങ്ങളിൽ നിന്ന് ചോദ്യങ്ങൾ തയ്യാറാക്കി നൽകൽ
- ➢ ഉത്തരങ്ങൾ കണ്ടെത്തി പെട്ടിയിലിടൽ
- ➢ തെരഞ്ഞെടുക്കുന്നവർക്ക് സമ്മാനം നൽകൽ
- ➢ മെഗാക്വിസ്സ് സംഘടിപ്പിക്കൽ

***ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്സ് -***

- ➢ റീഡിംഗ് മെറ്റീരിയലുകൾ തയ്യാറാക്കുന്നു.
- ➢ വായിക്കാൻ അവസരം
- ➢ ക്വിസ്സ് മത്സരം/ ചോദ്യോത്തരമേള നടത്തുന്നു.

**നിർവ്വഹണച്ചുമതല**

ക്ലബ്ബ് കൺവീനർമാർ,

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

ക്ലാസ്സ് അധ്യാപകർ, സ്കൂൾ ലീഡർ, വിദ്യാരംഗം കൺവീനർ

# എഴുത്തുത്സവം

**ആമുഖം**

വായനയുടെ വിശാലമായ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചു

നടത്താൻ വിദ്യാലയങ്ങളിൽ വായനയുമായി ബന്ധപ്പെട്ട വിവിധപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിലൂടെ സാഹിത്യത്തിന്റെ വിശാലമായ ലോകത്തേക്കും മികച്ച കൃതികളുടെ ആസ്വാദനത്തിലേക്കും കുട്ടികളെ പടിയായി നയിക്കാൻ കഴിയും. എഴുത്തുത്സവം കുട്ടികളിലെ വായനയും സ്വതന്ത്രരചനയും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ഒരു ചുവടുവെയ്പ്പാണ്.

**ലക്ഷ്യം**

- വിവിധ വ്യവഹാരരൂപങ്ങളും സാഹിത്യസൃഷ്ടികളും പരിചയപ്പെടുന്നതിന് അവസരം
- അഭിരുചിക്കനുസരിച്ച് സ്വതന്ത്രരചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും അവസരം

**പ്രവർത്തനങ്ങൾ**

***എഴുത്തുത്സവം അഞ്ച് ദിവസത്തെ പ്രവർത്തനങ്ങൾ***

- ഒന്നാം ദിവസം- വായനാസാമഗ്രികൾ തെരഞ്ഞെടുത്ത് സജ്ജീകരിക്കുന്നു. (കഥ, കവിത, നാടകം, കഥാഗാനം,വിവരണം), വിതരണം ചെയ്യൽ, വ്യക്തിഗതവായന, വായനക്കുറിപ്പു തയ്യാറാക്കൽ, ചർച്ച, മെച്ചപ്പെടുത്തി എഴുതൽ, പതിപ്പ് തയ്യാറാക്കൽ
- രണ്ടാം ദിവസം- ഗ്രൂപ്പു തിരിക്കുന്നു. വായനക്കളരി സംഘടിപ്പിക്കൽ (കഥ, കവിത, നാടകം, ചിത്രരചന,വിവരണം,ആസ്വാദനക്കുറിപ്പ്)
- മൂന്നാം ദിവസം- വായനക്കളരി തുടർച്ച
- നാലാം ദിവസം - താല്പര്യമുള്ള മേഖല അനുസരിച്ച് കുട്ടികളെ ഗ്രൂപ്പാക്കൽ, ഓരോ ഗ്രൂപ്പിനും വായനാ സാമഗ്രി നൽകൽ, തന്നിരിക്കുന്ന വ്യവഹാരരൂപത്തിനെ പുതിയ വ്യവഹാരരൂപത്തിലേക്ക് മാറ്റുന്നു. ഗ്രൂപ്പിന്റെ പതിപ്പ് തയ്യാറാക്കൽ, അവതരണം, മികച്ചത് തെരഞ്ഞടുക്കൽ
- അഞ്ചാം ദിവസം - സമാപനം, വിശിഷ്ടവ്യക്തിയെ വിളിച്ച് പതിപ്പ് പ്രകാശനം, പ്രതിഭകളെ ആദരിക്കൽ

**നിർവ്വഹണച്ചുമതല**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, വിദ്യാരംഗം കൺവീനർ, എസ്.ആർ.ജി. കൺവീനർ

**ധനകാര്യവിശകലനം**

പി.ടി.എ. ഫണ്ട് - 2000/-

സാംസ്കാരികക്ലബ്ബുകളിൽ നിന്ന് ശേഖരണം- 2000/-

**കാലയളവ്**

ഒരാഴ്ച – ഒക്ടോബർ മാസം

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, വിദ്യാരംഗം കൺവീനർ

# അസംബ്ലി വായന

**ആമുഖം**

സ്കൂളിലെ അച്ചടക്കകാര്യങ്ങളും പൊതുവായ കാര്യങ്ങളും കുട്ടികളെ അറിയിക്കാനുള്ള വേദിയാണ് അസംബ്ലി. അവിടെ പറയുന്ന കാര്യങ്ങൾ എല്ലാവർക്കും ഒരേ സമയം കേൾക്കാൻ അവസരം ലഭിക്കുന്നു. സ്കൂളിലെ മികച്ച പ്രവർത്തനങ്ങൾ / സൃഷ്ടികൾ അസംബ്ലിയിൽ പങ്ക് വെയ്ക്കുന്നത് കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു. പത്രവാർത്ത, ആസ്വാദനക്കുറിപ്പ് ,വായനക്കുറിപ്പ് തുടങ്ങിയവയെല്ലാം അസംബ്ലിയിൽ വായിച്ച് കേൾക്കാലുള്ള അവസരം കുട്ടികൾക്ക് ലഭിക്കണം. ഇതിലൂടെ ഉച്ചാരണശുദ്ധി, ഭാവം , ശബ്ദവ്യതിയാനം എന്നിവയെല്ലാം തിരിച്ചറിഞ്ഞ് നിർത്തേണ്ടിടത്ത് നിർത്തി വായിച്ച് കേൾക്കാനുള്ള അവസരം കുട്ടിക്ക് ലഭിക്കുന്നു.

**ലക്ഷ്യം**

- ശ്രാവ്യവായനയ്ക്കുള്ള അവസരം
- നേതൃത്വഗുണം

**പ്രവർത്തനങ്ങൾ**

***പത്രവായന-***

- ➢ ഓരോ ക്ലാസ്സിന്/ഓരോ കുട്ടിക്കും അസംബ്ലിയിൽ വായിക്കാൻ അവസരം
- ➢ കേട്ട വാർത്തകൾ എഴുതാനുള്ള അവസരം(ക്ലാസ്സിൽ)
- ➢ പത്രക്വിസ്സ്

***ആസ്വാദനക്കുറിപ്പ്-***

- ➢ അസംബ്ലിയിൽ പുസ്തകവായന
- ➢ ആസ്വാദനക്കുറിപ്പ് മാതൃക വായന
- ➢ ക്ലാസ്സ് ലൈബ്രറിയിൽ നിന്നും തെരഞ്ഞെടുത്ത് വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ➢ അസംബ്ലിയിൽ ഓരോ ക്ലാസ്സിന്/ഓരോ കുട്ടിക്കും വായിക്കാൻ അവസരം

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, സ്കൂൾ ലീഡർ, വിദ്യാരംഗം കൺവീനർ, ക്ലാസ്സ് ലീഡർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, വിദ്യാരംഗം കൺവീനർ,

എസ്. ആർ. ജി. കൺവീനർ

# വായനാദിനം

**ആമുഖം**

ദേശസ്നേഹത്തിന്റെയും ധാർമ്മിക മൂല്യങ്ങളുടെയും സന്ദേശവാഹകരാകാൻ ശീലിപ്പിക്കുകയാണ് ഓരോ ദിനാചരണവും. വായന വളർത്താൻ വേണ്ടി പ്രവർത്തിച്ച മഹാനാണ് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി.എൻ. പണിക്കർ. അദ്ദേഹത്തിന്റെ ചരമദിനമായ ജൂൺ 19 മുതൽ 25 വരെ വായനാവാരമായി ആചരിക്കുന്നു. വായനയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കാനും വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

**ലക്ഷ്യം**

- വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
- വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു.
- സ്വതന്ത്രരചനകളിൽ ഏർപ്പെടുന്നു.

**പ്രവർത്തനങ്ങൾ**

- പി.എൻ. പണിക്കർ അനുസ്മരണം- ചിത്രം/വീഡിയോ കാണിക്കുന്നു.
- ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു. പ്രദർശിപ്പിക്കുന്നു. (വായനാമൂലയിൽ)
- പുസ്തകപ്രദർശനം- ശേഖരണം, സാഹിത്യമേഖലയനുസരിച്ച് തരംതിരിക്കൽ,ക്രമീകരിക്കൽ, എല്ലാ ക്ലാസ്സുകാർക്കും കാണാൻ അവസരം, കണ്ട പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ (ക്ലാസ്സ് തലം)
- ലൈബ്രറി പുസ്തകവിതരണം - ക്ലാസ്സിലേക്ക് അനുയോജ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ, ക്ലാസ്സ് ലൈബ്രറി വിതരണ രജിസ്റ്റർ തയ്യാറാക്കൽ, ക്ലാസ്സ് ലൈബ്രേറിയന് ചുമതല നൽകുന്നു, പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാൻ അവസരം(രണ്ടാഴ്ചയിലൊരിക്കൽ മാറ്റിയെടുക്കുന്നു) , വായനക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ , വായനക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് അസംബ്ലിയിൽ അവതരണം
- സാഹിത്യകാരൻമാരെ പരിചയപ്പെടൽ- സാഹിത്യമേഖലയനുസരിച്ച് ഓരോ സാഹിത്യകാരൻമാരെ ഓരോ ദിവസം പരിചയപ്പെടുത്തുന്നു. ചിത്രം/ വീഡിയോ ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തുന്നു. ജീവചരിത്രക്കുറിപ്പു തയ്യാറാക്കുന്നു. പതിപ്പു തയ്യാറാക്കുന്നു.(ക്ലാസ്സ് തലം)
- സാഹിത്യക്വിസ്സ് - 5 പുസ്തകങ്ങൾ വായനാമൂലയിൽ പ്രദർശിപ്പിക്കുന്നു. ആ പുസ്തകങ്ങളെ അടിസ്ഥാനമാക്കി ക്വിസ്സ് മത്സരം നടത്തുന്നു.
- വായനാവാരം സമാപനം- സാഹിത്യപ്രമുഖനെ ക്ഷണിക്കൽ, സമാപനസമ്മേളനം, പതിപ്പ് പ്രകാശനം , സമ്മാന വിതരണം, അമ്മ വായനക്ക് തുടക്കം കുറിക്കൽ

**<u>നിർവ്വഹണച്ചുമതല</u>**

വിദ്യാരംഗം കൺവീനർ, സ്കൂൾ ലൈബ്രേറിയൻ, ക്ലാസ്സ് ലൈബ്രേറിയൻ, എസ്. ആർ.ജി. കൺവീനർ

**<u>ധനകാര്യവിശകലനം</u>**

| | |
|---|---|
| സമ്മാനങ്ങൾ | - 500/- |
| സ്റ്റേഷനറി | - 300/- |
| | 800/- |

**<u>കാലയളവ്</u>**

വായനാവാര പ്രവർത്തനങ്ങൾ- ഒരാഴ്ച (ജൂൺ 19 മുതൽ 25 വരെ)

**<u>മോണിറ്ററിംഗ്</u>**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, വിദ്യാരംഗം കൺവീനർ, എസ്.ആർ.ജി. കൺവീനർ

---

# <u>ബഷീർ ദിനം</u>

**<u>ആമുഖം</u>**

ചുട്ടുപൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങളെ അക്ഷരങ്ങളിൽ ആവാഹിച്ച അതുല്യപ്രതിഭയാണ് വൈക്കം മുഹമ്മദ് ബഷീർ. അനുഭവത്തിന്റെ ഒരു പുതിയ വൻകരയാണ് ബഷീർ മലയാളത്തിന് സമ്മാനിച്ചത്. ഞാനാണ് എന്റെ ഭാഷ എന്നദ്ദേഹം നമ്മെ ഓർമ്മിപ്പിച്ചു. നർമ്മത്തിന്റെയും ദർശനത്തിന്റെയും വിവിധമാനങ്ങൾ അഗാധമായ ശൈലിയിൽ ആവിഷ്കരിച്ച ബഷീറിനെക്കുറിച്ചറിയാൻ ബഷീർ ദിനം ആചരിക്കുന്നതിലൂടെ സാധിക്കുന്നു.

**<u>ലക്ഷ്യം</u>**

- ബഷീർ എന്ന സാഹിത്യകാരനെ അറിയുന്നു.
- ബഷീർ കൃതികൾ പരിചയപ്പെടുന്നു.
- ബഷീറിന്റെ കഥാപാത്രങ്ങളെ അടുത്തറിയുന്നു.

**<u>പ്രവർത്തനങ്ങൾ</u>**

- ➢ ബഷീറിനെക്കുറിച്ചുള്ള വായനാമെറ്റീരിയൽ തയ്യാറാക്കൽ, പല ഭാഗങ്ങളിലായി പ്രദർശിപ്പിക്കൽ
- ➢ ചോദ്യാവലി തയ്യാറാക്കി പ്രദർശിപ്പിക്കൽ
- ➢ ഉത്തരങ്ങൾ കണ്ടെത്തൽ
- ➢ ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കൽ

- കൂടുതൽ ശരിയായവർക്ക് സമ്മാനം നൽകൽ
- ബഷീർ കൃതികളുടെ പ്രദർശനം (വായനാമൂലയിൽ )
- രണ്ടാഴ്ച വായിക്കാൻ അവസരം
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ (വ്യക്തിഗതം)
- ക്ലാസ്സിൽ അവതരണം
- മികച്ചത് അസംബ്ലിയിൽ അവതരണം
- ബഷീറിന്റെ കഥാപാത്രങ്ങളെ പരിചയപ്പെടൽ( ഐ. സി. ടി. സാധ്യത )

**നിർവ്വഹണച്ചുമതല**

ഭാഷാ ക്ലബ്ബ് , ക്ലാസ്സ് അധ്യാപകർ, സ്കൂൾ ലൈബ്രേറിയൻ

**കാലയളവ്**

ഒരാഴ്ച (ജൂലായ് 5 മുതൽ)

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ് , ഭാഷാ ക്ലബ്ബ് കൺവീനർ

---

## 'മിന്നും തിളങ്ങും മലയാളം'

**ആമുഖം**

അസാധ്യമായി ഒന്നുമില്ല എന്ന സന്ദേശം മുന്നോട്ടുവച്ചുകൊണ്ട് മലയാളഭാഷാപഠനമികവിനായി നടത്തുന്ന ഒരു പരിപാടിയാണ് 'മിന്നും തിളങ്ങും മലയാളം'. എഴുതാനും വായിക്കാനും പ്രയാസം നേരിടുന്ന വിദ്യാർത്ഥികളെ ലക്ഷ്യം വച്ചുകൊണ്ടാണ് 'മിന്നും തിളങ്ങും മലയാളം' ആസൂത്രണം ചെയ്തിരിക്കുന്നത്. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് 'മിന്നും തിളങ്ങും മലയാളം' ഒരു ചുവടുവെയ്പാണ്.

**ലക്ഷ്യം**

- പ്രാഥമിക ക്ലാസ്സുകളിലെ ഭാഷാപഠനനിലവാരം ഉയർത്തുക.
- ഭാഷയിൽ ലയിച്ചും ആസ്വദിച്ചും ആത്മവിശ്വാസത്തോടെ മുന്നേറാൻ കുട്ടികളെ പ്രാപ്തരാക്കുക.

**പ്രവർത്തനങ്ങൾ**

- 3,4 ക്ലാസ്സുകളിലെ പിന്നോക്കക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം
- എസ്. ആർ. ജി. യിൽ ചർച്ച ചെയ്യുന്നു.
- പ്രീ- ടെസ്റ്റ് മൊഡ്യൂൾ തയ്യാറാക്കുന്നു.(ക്ലാസ്സ് അനുസരിച്ച്)
- പ്രീ- ടെസ്റ്റ് നടത്തുന്നു.
- മൂല്യനിർണയം നടത്തി ഗ്രൂപ്പ് തിരിക്കുന്നു.

- ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുന്നു.
- പിന്നോക്കക്കാർക്ക് വേണ്ടി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു.
- എസ്.ആർ.ജി. യിൽ ചർച്ച ചെയ്യുന്നു.
- ദിവസം ഒരു മണിക്കൂർ എന്ന രീതിയിൽ ( 3 മുതൽ 4 വരെ ) സമയം നിശ്ചയിക്കുന്നു.
- ഐ.സി.ടി. സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ആദ്യഘട്ടത്തിൽ ഭാഷാപഠനത്തിന് പ്രാധാന്യം നൽകിയും മുന്നോട്ടു പോകുന്നതിനനുസരിച്ച് ഭാഷാപഠനപ്രവർത്തനങ്ങളെ പരിസരപഠനം , ഗണിതം എന്നിവയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മൊഡ്യൂൾ തയ്യാറാക്കുന്നു.
- നിരന്തരമൂല്യനിർണയം നടത്തുന്നു.
- ഫീഡ് ബാക്ക് തയ്യാറാക്കുന്നു.
- അതിനനുസരിച്ച് മാറ്റങ്ങൾ വരുത്തി പ്രവർത്തനങ്ങൾ
- വീട്ടിലെ പഠനത്തുടർച്ച ഉറപ്പാക്കുന്ന തുടർപ്രവർത്തനങ്ങൾ
- ഇവർക്കായി പ്രത്യേക സി.പി.ടി.എ.- പഠനപുരോഗതി ചർച്ച ചെയ്യൽ
- പ്രത്യേക പോർട്ട് ഫോളിയോ-  മിന്നും തിളങ്ങും മലയാളം

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, എസ്.ആർ.ജി. കൺവീനർ

**ധനകാര്യവിശകലനം**

സ്റ്റേഷനറി (ചാർട്ട്,ന്യൂസ് പ്രിന്റ്, നോട്ടുബുക്ക്,പെൻസിൽ, എ 4 ഷീറ്റ്)-1000/-

**കാലയളവ്**

സെപ്റ്റംബർ മാസം തുടങ്ങി അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, വിദ്യാരംഗം കൺവീനർ, എസ്.ആർ.ജി. കൺവീനർ

# 'പിറന്നാൾ രുചി'

**ആമുഖം**

നമ്മുടെ പിഞ്ചോമനകളുടെ പിറന്നാൾ വിദ്യാലയങ്ങളിൽ ആഘോഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് 'പിറന്നാൾ രുചി' വിദ്യാലയത്തിൽ നടപ്പാക്കുന്നത്. വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു അവസരം കൂടിയാണ് പിറന്നാൾ രുചി.

**ലക്ഷ്യം**

- വിദ്യാർത്ഥികളുടെ പിറന്നാൾ വിദ്യാലയത്തിലും ആഘോഷിക്കുക.
- വിദ്യാലയം സമൂഹവുമായി ഒത്തുചേരുന്നതിനുള്ള അവസരം ഒരുക്കുക.
- കൂട്ടുകാർക്ക് ആശംസാകാർഡ് തയ്യാറാക്കൽ, അനുമോദനക്കത്ത് എഴുതൽ എന്നീ ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**പ്രവർത്തനങ്ങൾ**

- സി.പി.ടി.എ യിൽ ചർച്ച
- പിറന്നാൾ ചാർട്ട് തയ്യാറാക്കുന്നു.
- രക്ഷിതാക്കൾക്ക് അവരുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഒരു വിഭവമോ , തയ്യാറാക്കാനുള്ള സാഹചര്യമോ നൽകാനുള്ള അവസരം
- എം. പി. ടി. എ. അംഗങ്ങളുടെ നേതൃത്വത്തിൽ വിഭവം തയ്യാറാക്കാൻ വേണ്ട ക്രമീകരണം
- അതാത് ദിവസം 'പിറന്നാൾ രുചി' നൽകിയ കുട്ടിക്ക് ആശംസാകാർഡ് / അനുമോദനകത്ത് എന്നിവ തയ്യാറാക്കി അയക്കുന്നു.(ക്ലാസ്സ് തലത്തിൽ )

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, സി.പി.ടി.എ. കമ്മിറ്റി അംഗങ്ങൾ, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ. പ്രസിഡന്റ്

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ പ്രസിഡന്റ്

# 'കുന്നിമണി'- വിദ്യാലയവാർത്താപത്രിക

**ആമുഖം**

വിദ്യാലയത്തിലെ ഓരോ പ്രവർത്തനങ്ങളും കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാസംതോറും കുന്നിമണി തയ്യാറാക്കുന്നത്. ഓരോ ക്ലാസ്സിലെയും പ്രവർത്തനങ്ങൾ മാത്രമല്ല സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളാറുണ്ട്. കുട്ടികളുടെ സർഗാത്മക രചനകളും കഴിവുകളും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം എങ്ങനെ ഒരു പത്രറിപ്പോർട്ട് തയ്യാറാക്കാമെന്നും കുന്നിമണി രചനയിലേർപ്പെടുന്നതു വഴി

കുട്ടികൾക്ക് ലഭിക്കുന്നു.

**ലക്ഷ്യം**

- സ്കൂളിലെ പ്രവർത്തനങ്ങൾ പത്രവാർത്തയാക്കുക.
- സ്കൂളിലെ പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക.

**പ്രവർത്തനങ്ങൾ**

- ഓരോ ദിവസവും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് / പത്രവാർത്ത കുട്ടികൾ തയ്യാറാക്കുന്നു. മികച്ചത് തെരെഞ്ഞെടുക്കുന്നു.
- ഓരോ ദിവസം ഓരോ ക്ലാസ്സിന് ചുമതല
- ഒരു മാസത്തെ വാർത്തകൾ / പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാസാവസാനം കുന്നിമണി പത്രം തയ്യാറാക്കുന്നു.
- അസംബ്ലിയിൽ പത്രം പ്രകാശനം ചെയ്യുന്നു.
- എല്ലാവർക്കും വായിക്കാൻ പറ്റുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നു.

**നിർവ്വഹണചുമതല**

ഭാഷാക്ലബ്ബ് കൺവീനർ , എസ്.ആർ.ജി. അംഗങ്ങൾ

**ധനകാര്യവിശകലനം**

സ്റ്റേഷനറി - 500/-

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്, എം.പി.ടി.എ പ്രസിഡന്റ്

# ENGLISH

## ***Introduction***

*English is the international language. Every body have to able to communicate in English. It has come to be the language of doing the language of academic and language of recognition.*

*Learners should be able to speak , write and present English that is mutually intelligible and appropriate for different purposes.*

*If our school is to achieve international level we must ensure that everybody can communicate in English. We practice these interactions at early stage of their education. Improve the communication skill of pupil is the main objective of this project.*

# English Assembly

**ആമുഖം**

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കേൾക്കാനും പ്രകടിപ്പിക്കാനുമുള്ള ഒരു അവസരമാണ് ഇംഗ്ലീഷ് അസംബ്ലി. അസംബ്ലിയുടെ എല്ലാ ഘട്ടങ്ങളും ഇംഗ്ലീഷ് ഭാഷയിലൂടെയാണ് അവതരിപ്പിക്കുന്നത്. News reading, skit, puppetry, rhymes തുടങ്ങിയ പരിപാടികളും അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

**ലക്ഷ്യം**

- ഇംഗ്ലീഷ് ഭാഷ പറയാനും കേൾക്കാനും ഉള്ള അവസരം ഒരുക്കുക.
- ലളിതമായി പേടികൂടാതെ ഇംഗ്ലീഷ് സംസാരിക്കുക.
- ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെ ഉരുത്തിരിയുന്ന വ്യവഹാരരൂപങ്ങൾ പൊതുവായി അവതരിപ്പിക്കാനുള്ള അവസരം നൽകുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് അസംബ്ലി നടത്തുന്ന ദിവസം ഏതെന്നു തീരുമാനിക്കുന്നു.
- ഓരോ ദിവസം ഓരോ ക്ലാസ്സിന് നിശ്ചയിച്ച് നൽകുന്നു.
- പരിപാടികൾക്കുള്ള സമയം ക്രമീകരിച്ച് നൽകുന്നു.
- conversation part of the week തീരുമാനിക്കുന്നു.
- അസംബ്ലിയിൽ പ്രാക്ടീസ് നടത്തുന്നു.
- conversation book- ൽ രേഖപ്പെടുത്തുന്നു.
- ഉല്പന്നം ഇംഗ്ലീഷ് കോർണറിലേക്ക്

**നിർവ്വഹണച്ചുമതല**

ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ, ക്ലബ്ബിലെ രണ്ട് അംഗങ്ങൾ, ക്ലാസ്സ് ടീച്ചർമാർ, ക്ലാസ്സ് ലീഡർമാർ

**ധനകാര്യവിശകലനം**

Estimate

Puppets,cut outs,chart etc. 600/-
Conversation book 50/-
650/-

സ്രോതസ്സ് - പി.ടി.എ. ഫണ്ട്

**കാലയളവ്**

ഓരോ ആഴ്ചയിലും

**മോണിറ്ററിങ്**

സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി. കൺവീനർ, അധ്യാപകപ്രതിനിധി

# English Corner

**ആമുഖം**

വിദ്യാർത്ഥികൾ അന്താരാഷ്ട്ര നിലവാരത്തിലെത്തണമെങ്കിൽ ഇംഗ്ലീഷ് ഭാഷ അറിഞ്ഞിരിക്കണം. നിരന്തരമായി ഈ ഭാഷയുമായി സമ്പർക്കം പുലർത്തുന്നതിനും വായന എഴുത്ത് പ്രോത്സാഹിപ്പിക്കുന്നതിനും ഇംഗ്ലീഷ് കോർണറിന് വളരെയധികം പ്രസക്തിയുണ്ട്. കുട്ടികളുടെ സൃഷ്ടികൾ വായനാസാമഗ്രികൾ, ദിനപത്രം, മാഗസിനുകൾ, പുസ്തകങ്ങൾ, conversation parts തുടങ്ങിയവ പ്രദർശിപ്പിക്കാനും വായനയിലൂടെ ഇംഗ്ലീഷ് ഭാഷാ പരിചയം വർധിപ്പിക്കാനും ഇംഗ്ലീഷ് കോർണർ സഹായിക്കുന്നു.

**ലക്ഷ്യം**

- സ്വതന്ത്രവായനയ്ക്ക് അവസരം നൽകുക.
- താല്പര്യമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള ശേഷി വർധിപ്പിക്കുക.
- സ്വന്തം സൃഷ്ടികൾ പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കുക.
- ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനുമുള്ള പരിശീലനം നൽകുക.
- സ്വയം പഠനത്തിന് സാഹചര്യമൊരുക്കുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് കോർണറിനായി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്നു.
- വായനാസാമഗ്രികൾ ശേഖരിക്കുന്നു.
- ഭംഗിയായി ക്രമീകരിക്കുന്നു.
- കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കാനായി മരം സ്ഥാപിക്കുന്നു.
- conversation ( ഓരോ ആഴ്ചയിലെയും )പ്രദർശിപ്പിക്കാൻ ഓരോ ക്ലാസ്സിന് ചുമതല നൽകുന്നു.
- ഓരോ ക്ലാസ്സും ആഴ്ചയിലൊരിക്കലെങ്കിലും English Corner സന്ദർശിച്ചു എന്നു ഉറപ്പുവരുത്തുന്നു.

**നിർവ്വഹണചുമതല**

ക്ലബ്ബ് കൺവീനർ, ക്ലബ്ബിലെ ക്ലാസ്സ് പ്രതിനിധികൾ, ക്ലാസ്സ് അധ്യാപകർ

**ധനകാര്യവിശകലനം**

എസ്റ്റിമേറ്റ്

ഭംഗിയാക്കാൻ, വായനാസാമഗ്രികൾ , സാധനങ്ങൾ വാങ്ങാൻ - 1500/-

സ്രോതസ്സ് -രക്ഷിതാക്കൾ, കുട്ടികൾ (പുസ്തകം),പി.ടി.എ. ഫണ്ട്, അധ്യാപകർ

**കാലയളവ്**

1 വർഷം

**മോണിറ്ററിങ്**

അധ്യാപക പ്രതിനിധി, പി.ടി.എ. പ്രതിനിധി

# English Fest

**ആമുഖം**

പൊതുവിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനും ആത്മവിശ്വാസത്തോടെ മറ്റുള്ളവരുടെ മുന്നിൽ പ്രകടിപ്പിക്കാനുള്ള അവസരമാണ് ഇംഗ്ലീഷ് ഫെസ്റ്റ്. കുട്ടികളുടെ കഴിവുകളും ഭാഷാ പരിജ്ഞാനവും ജനങ്ങളെ അറിയിക്കുവാനുള്ള ഒരു വേദിയാണിത്. അൺ- എയ്ഡഡ് സ്കൂളിലേക്കുള്ള കുട്ടികളുടെ ഒഴുക്കിനെ ഒരു പരിധി വരെ തടയിടാൻ ഈ പരിപാടിയിലൂടെ സാധിക്കുമെന്ന് കരുതുന്നു.

**ലക്ഷ്യങ്ങൾ**

- കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക.
- കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുക.
- എല്ലാ കുട്ടികളെയും പൊതുജനങ്ങളുടെ മുന്നിൽ സ്റ്റേജിൽ കയറ്റി പരിപാടികൾ അവതരിപ്പിക്കുക.
- ജനപ്രതിനിധികളെയും പൊതുജനങ്ങളെയും സ്കൂളിന്റെ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് ക്ലബ്ബ് , എസ്.ആർ.ജി. മീറ്റിംഗ് കൂടി തീയ്യതിയും സമയവും നിശ്ചയിക്കുന്നു.
- ഓരോ ക്ലാസ്സിനും നിശ്ചിത സമയം നൽകുന്നു.
- ക്ലാസ്സ് പ്രവർത്തന ഫലമായി രൂപപ്പെട്ട പ്രത്യേകപ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- മറ്റു പരിപാടികൾ പരിശീലിക്കുന്നു.
- ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ക്ഷണിക്കുന്നു.
- കുട്ടികളുടെ നേതൃത്വത്തിൽ കാര്യപരിപാടി തയ്യാറാക്കുന്നു.
- മീറ്റിംഗും മറ്റു പരിപാടികളും എല്ലാം സ്റ്റേജിൽ കുട്ടികൾ തന്നെ നടത്തുന്നു.

**നിർവ്വഹണച്ചുമതല**

ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ , എല്ലാ അംഗങ്ങളും, എസ്.ആർ.ജി. കൺവീനർ, സ്കൂൾ ലീഡർ, ക്ലാസ്സ് പ്രതിനിധികൾ, സി.പി.ടി.എ. പ്രതിനിധി

**ധനകാര്യ വിശകലനം**

Estimate-skit,dance മറ്റു പരിപാടികൾക്കാവശ്യമായ വസ്തുക്കൾ - 1000/-

ചായ - 800/-

സമ്മാനങ്ങൾ - 1000/-

2800/-

സ്രോതസ്സ്- പി. ടി. എ. ഫണ്ട്,സ്പോൺസർഷിപ്പ്(സമ്മാനങ്ങൾ), സംഭാവന (പൂർവ്വവിദ്യാർത്ഥികൾ)

**കാലയളവ്**

1 വർഷം

**മോണിറ്ററിങ്**

സീനിയർ അസിസ്റ്റന്റ്, പി.ടി.എ. പ്രസിഡന്റ് , എം.പി.ടി.എ പ്രതിനിധി

---

# Dictionary Making

**ആമുഖം**

പാഠഭാഗത്തുള്ള പദങ്ങൾ പരിചയപ്പെടുന്നതിനും അതിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും അത് ശേഖരിച്ചുവച്ച് പുനരുപയോഗസാധ്യത ഉറപ്പാക്കുന്നതുമായ ഒരു സൃഷ്ടിയാണ് കുട്ടികളുടെ സ്വന്തം ഇംഗ്ലീഷ് ഡിക്ഷണറി. ഇത് നിരന്തരം വികസിച്ചുകൊണ്ടിരിക്കും. പഠിക്കുന്ന പദങ്ങളായതിനാൽ കുട്ടികൾക്ക് എളുപ്പത്തിൽ ഡിക്ഷണറി ഉപയോഗിക്കാൻ കഴിയും.

**ലക്ഷ്യങ്ങൾ**

- പഠിക്കുന്ന പാഠങ്ങളിലെ പദങ്ങളും അവയുടെ അർത്ഥവും ഗ്രഹിക്കുക.
- ഡിക്ഷണറി പരിചയപ്പെടുക, നിശ്ചിതപദങ്ങൾ കണ്ടെത്തുക.
- പുനരുപയോഗസാധ്യത
- പദങ്ങളുടെ സ്പെല്ലിങ് പഠിക്കുക.
- കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഓരോ കുട്ടിക്കും ഓരോ നോട്ടുപുസ്തകം കരുതുന്നു.
- ഓരോ ദിവസവും പഠിക്കുന്ന പദങ്ങൾ കണ്ടെത്തി ഇംഗ്ലീഷ് ബുക്കിൽ എഴുതുന്നു.
- അധ്യാപികയുടെയോ ഡിക്ഷണറിയുടെയോ സഹായത്തോടെ അവയുടെ

അർത്ഥം കണ്ടെത്തുന്നു.

- ഓരോ പാഠവും കഴിയുമ്പോൾ പദങ്ങൾ ക്രമീകരിച്ച് ഡിക്ഷണറിയിലേക്ക് എഴുതി സൂക്ഷിക്കുന്നു.
- ഇതുപയോഗിച്ച് ക്ലാസ്സിൽ ചോദ്യോത്തരപ്പയറ്റ് നടത്തുന്നു.

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് ടീച്ചർ, കുട്ടികൾ

**കാലയളവ്**

1 വർഷം - ഓരോ ക്ലാസ്സിലും തുടരുന്നു.

**മോണിറ്ററിങ്**

സീനിയർ അസിസ്റ്റന്റ് , ക്ലാസ്സ് അധ്യാപകർ ,എം.പി.ടി.എ പ്രസിഡന്റ്

---

# English Day

**ആമുഖം**

സ്കൂളിൽ ഇംഗ്ലീഷ് atmosphere സൃഷ്ടിക്കാനും കുട്ടികളും അധ്യാപകരും മടികൂടാതെ ഇംഗ്ലീഷ് സംസാരിക്കാനുമുള്ള ഒരു പ്രവർത്തനമാണിത്. ആഴ്ചയിൽ ഒരു ദിവസം എല്ലാവരും ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നു. നടപ്പിലാക്കാൻ പ്രയാസമുണ്ടെങ്കിലും എല്ലാവരും കൂടി ശ്രമിച്ചാൽ അധ്യാപകർക്കും കുട്ടികൾക്കും സ്കൂളിനും അഭിമാനിക്കാവുന്ന നേട്ടമുണ്ടാക്കുവാൻ ഇതിലൂടെ സാധിക്കും. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാവികസനത്തിന് ഇത് വളരെയേറെ ഗുണം ചെയ്യും.

**ലക്ഷ്യങ്ങൾ**

- തെറ്റിപ്പോകുമോ എന്ന പേടിയില്ലാതെ ഇംഗ്ലീഷ് സംസാരിക്കുക.
- ഭാഷാശ്രവണത്തിനുള്ള ധാരാളം അവസരങ്ങൾ നൽകുക.
- കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഇംഗ്ലീഷ് അസംബ്ലിയുള്ള ദിവസം തന്നെ ഇംഗ്ലീഷ് ഡേ ആചരിക്കുന്നു.
- അധ്യാപകരും കുട്ടികളും കഴിയുന്ന വിധം ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നു.
- അന്നേ ദിവസം കുറച്ചു സമയം Spoken English ക്ലാസ്സ് എടുക്കുന്നു.

**നിർവ്വഹണച്ചുമതല**

അധ്യാപകർ,ക്ലാസ്സ് പ്രതിനിധികൾ, സ്കൂൾ ലീഡർ, ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ

**കാലയളവ്**

1 വർഷം - ആഴ്ചയിൽ ഒരു ദിവസം

**മോണിറ്ററിങ്**

സീനിയർ അസിസ്റ്റന്റ് , എസ്.ആർ.ജി കൺവീനർ, എസ്.എം.സി. അംഗം

# Language Games

**ആമുഖം**

ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം പഠനമാണെന്നറിയാതെ തന്നെ രസകരമായി ഭാഷ ആർജ്ജിച്ചെടുക്കാനുള്ള ഒരുപാധിയാണ് Language Games. കുട്ടികളുടെ മാസികകൾ,മറ്റു പുസ്തകങ്ങൾ, കമ്പ്യൂട്ടർ ഗെയിംസ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ധാരാളം ഭാഷാകേളികൾ കുട്ടികൾക്ക് ലഭിക്കും. ഇവ ശേഖരിച്ച് ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം തന്നെ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ വളരെ താല്പര്യപൂർവ്വം മത്സരബുദ്ധിയോടെ പങ്കെടുക്കുന്ന പ്രവർത്തനങ്ങളാണിവ.

**ലക്ഷ്യങ്ങൾ**

- ആയാസരഹിതമായി താല്പര്യപൂർവ്വം ഭാഷ ആർജ്ജിക്കുക.
- ആവർത്തനവിരസതയും മടുപ്പും അനുഭവപ്പെടാതെ കുട്ടികൾക്ക് ഭാഷ ഉറയ്ക്കുന്നു.
- അക്ഷരങ്ങൾ,പദങ്ങൾ,വാക്യഘടന എന്നിവ ഹൃദിസ്ഥമാക്കുന്നു.
- പദസമ്പത്ത് വർധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ◆ മാഗസിൻ, പുസ്തകങ്ങൾ , കമ്പ്യൂട്ടർ എന്നിവയിൽ നിന്ന് അനുയോജ്യമായ കളികൾ ശേഖരിക്കുന്നു.
- ◆ ഓരോ പാഠഭാഗത്തും കൊടുക്കാവുന്ന തരത്തിൽ ക്രമീകരിക്കുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു.
- ◆ ഐ.സി.ടി.സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ◆ തുടർപ്രവർത്തനത്തിന് അവസരം നൽകുന്നു.

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് ടീച്ചർ , ക്ലാസ്സ് ലീഡർ , ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ

**കാലയളവ്**

1 വർഷം

**മോണിറ്ററിങ്**

സീനിയർ അസിസ്റ്റന്റ് , എസ്.ആർ.ജി കൺവീനർ, സ്റ്റാഫ് പ്രതിനിധി

# പരിസരപഠനം

*മാനവിക മൂല്യങ്ങൾക്കും പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ, ശുചിത്വബോധം, സഹിഷ്ണുത, ക്രിയാത്മക പ്രവർത്തനം, സാമൂഹ്യ പ്രതിബദ്ധത, ആദരവ്, വിവരസാങ്കേതികവിദ്യ എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കാൻ ഉതകുന്ന മേഖലയാണ് പരിസരപഠനം. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനുള്ള പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ഇതിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്.*

# ജലം ജീവാമൃതം

**ആമുഖം**

ജലദൗർലഭ്യത്തിന്റെ ഭീകരത ഇന്ന് ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജലത്തിന്റെ അമിതോപയോഗവും ജലമലിനീകരണവും പ്രകൃതിചൂഷണവും ജലക്ഷാമത്തിന് കാരണമാണ്. നമ്മുടെ പ്രദേശത്തുള്ള ജലസ്രോതസ്സുകൾ നിരീക്ഷിക്കുക, അവ മലിനമാകുന്ന സാഹചര്യങ്ങൾ തിരിച്ചറിയുക, അത്തരം സാഹചര്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക, ജലത്തിന്റെ അമിതോപയോഗവും ജലം പാഴാക്കലും തടയുന്ന സന്ദേശം എത്തിക്കുക, മഴവെള്ളം പരമാവധി സംഭരിക്കുക, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ കടന്നുപോവുകയും ജലസംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും വേണം.

**ലക്ഷ്യം**

- ജലം അമൂല്യമാണ് പാഴാക്കരുത്.
- ജലാശയങ്ങൾ മലിനമാക്കരുത്.
- ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

- ✔ ജലത്തിന്റെ ഉപയോഗം കണ്ടെത്തി പട്ടികപ്പെടുത്തല്
- ✔ ഫീൽഡ് ട്രിപ്പ്- ജലസ്രോതസ്സുകൾ നിരീക്ഷിക്കൽ , വിലയിരുത്തൽ , ജലസ്രോതസ്സുകളുടെ മലിനീകരണം തിരിച്ചറിയൽ
- ✔ കൊളാഷ് നിർമ്മാണം- ജലക്ഷാമവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളും സൂചിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ഉപയോഗിച്ച് കൊളാഷ് നിർമ്മിക്കുന്നു.
- ✔ ജലക്ഷാമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നു. ( ഐ.സി.ടി. )
- ✔ പോസ്റ്റർ നിർമ്മാണം - ജലസ്രോതസ്സുകളുടെ സംരക്ഷണം
- ✔ ജലസംരക്ഷണ ക്ലബ്ബ് - രൂപീകരണം, സ്കൂളിൽ ജലം പാഴാകുന്ന സന്ദർഭങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കൽ, ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ.

**നിർവ്വഹണച്ചുമതല**

പരിസ്ഥിതി ക്ലബ്ബ്, ജലസംരക്ഷണക്ലബ്ബ്,

**ധനകാര്യവിശകലനം**

സ്റ്റേഷനറി ( ചാർട്ട്, സ്കെച്ച് പെൻ, മാർക്കർ) -300/-

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, എസ്. ആർ. ജി. കൺവീനർ, പി. ടി. എ. പ്രസിഡന്റ്

# ദിനാചരണങ്ങൾ

**ആമുഖം**

ദിനാചരണങ്ങൾ ചരിത്രസത്യങ്ങളുടെ ഓർമ്മപ്പെടുത്തലാണ്. ഒരു വർഷത്തിൽ എത്ര ദിവസമുണ്ടെന്ന് ചോദിച്ചാൽ ഏത് പ്രൈമറിസ്കൂൾ വിദ്യാർത്ഥിയും കൃത്യമായി ഉത്തരം പറയും. എന്നാൽ ഏതെല്ലാം ദിവസങ്ങൾ ഏതെല്ലാം സ്മരണക്കായി ആചാരങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട് എന്ന് അന്വേഷിച്ചാൽ പറയാൻ കഴിയുന്നവർ വിരളമാണ്. ദിനീചരണബോധത്തെക്കുറിച്ചുള്ള തിരിച്ചറിവ് വളരെ കൂടുതൽ ആവശ്യമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകദിനങ്ങൾ , ദേശീയദിനങ്ങൾ , പ്രാദേശിക ദിനങ്ങൾ എന്നിങ്ങനെ പലതരത്തിലും ദിനങ്ങൾ ആചരിക്കപ്പെടുന്നുണ്ട്. ഓരോ ദിനവും ആചരിക്കപ്പെടുന്നതിന്റെ പ്രാധാന്യം , അവ നൽകുന്ന സന്ദേശം , അന്ന് ഓർക്കേണ്ട വ്യക്തികൾ , അതുമായി ബന്ധപ്പെട്ട ആശയങ്ങൾ സന്ദേശങ്ങൾ കുട്ടികളിൽ എത്തിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്നിവയെല്ലാം മുൻകൂട്ടി ആലോചിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തി വ്യക്തമായ ലക്ഷ്യവും സന്ദേശവും കുട്ടികളിൽ എത്തിക്കണം.

**ലക്ഷ്യം**

- ദേശസ്നേഹത്തിന്റെയും ധാർമ്മികമൂല്യങ്ങളുടെയും സന്ദേശവാഹകരാകാൻ ശീലിപ്പിക്കുകയാണ് ദിനാചരണങ്ങളുടെ ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

- ✔ എസ്. ആർ.ജി. യിൽ ആസൂത്രണം.
- ✔ കൊളാഷ് നിർമ്മാണം
- ✔ പോസ്റ്റർ രചന
- ✔ ചിത്രരചന

- ✔ പ്ലാക്കാർഡ് നിർമ്മാണം
- ✔ കവിതാശേഖരണം
- ✔ കലാപരിപാടികൾ- റോൾ പ്ലേ , സ്കിറ്റ് അവതരണം
- ✔ ക്വിസ്സ് മത്സരം

**നിർവ്വഹണച്ചുമതല**

അതാത് ക്ലബ്ബുകൾക്ക്

**മോണിറ്ററിംഗ്**

പി. ടി. എ. , പ്രധാനാധ്യാപിക , എസ്. ആർ. ജി.

## *സ്വാതന്ത്ര്യദിനം- ആഗസ്റ്റ് 15*

**ലക്ഷ്യം**

- കുട്ടികളിൽ ദേശസ്നേഹവും ദേശീയബോധവും വളർത്തുന്നതിന്
- ചരിത്രാന്വേഷണത്തിലേക്ക് നയിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- ✔ പതാകനിർമ്മാണം - ക്ലാസ്സ് തലം
- ✔ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാനസംഭവങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു.
- ✔ സ്വാതന്ത്ര്യസമരനായകൻമാരെ പരിചയപ്പെടുത്തുന്നു.
- ✔ ക്വിസ്സ്
- ✔ പതിപ്പ് നിർമ്മാണം - ക്ലാസ്സ് തലം
- ✔ ഭീമൻ ചുമർപത്രിക തയ്യാറാക്കുന്നു.
- ✔ പതാക ഉയർത്തൽ, സന്ദേശം, റാലി
- ✔ പൊതുസമ്മേളനം
- ✔ ദേശഭക്തിഗാനാലാപനം , സ്കിറ്റ്
- ✔ രക്ഷിതാക്കളുടെ ക്വിസ്സ് മത്സരം
- ✔ പായസവിതരണം

**നിർവ്വഹണച്ചുമതല**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**ധനകാര്യവിശകലനം**

പി.ടി.എ സംഭാവന – 2000/-
സാംസ്കാരികക്ലബ്ബ് - 1000/-

**കാലയളവ്**

2 ആഴ്ച

**മോണിറ്ററിംഗ്**

പി. ടി. എ. , എസ്. ആർ. ജി.

***പരിസ്ഥിതി ദിനം- ജൂൺ 5***

**ലക്ഷ്യം**

- പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെയും പരിസരശുചിത്വത്തിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നതിന്

**പ്രവർത്തനങ്ങൾ**

✔ പോസ്റ്റർ രചന
✔ മരം നടീൽ
✔ തൈ വിതരണം
✔ സസ്യ സംരക്ഷണപ്രവർത്തനങ്ങൾ- സ്കൂൾ കോമ്പൗണ്ടിലെ ഒരു മരത്തെ ആദരിക്കുന്നു.
✔ വൃക്ഷച്ചുവട്ടിൽ പഠനം
✔ ക്വിസ്സ്

**നിർവ്വഹണച്ചുമതല**

പരിസ്ഥിതി ക്ലബ്ബ്

**കാലയളവ്**

1 വർഷം

**മോണിറ്ററിംഗ്**

പി.ടി.എ. സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

***കടുവ ദിനം- ജൂലായ് 27***

**ലക്ഷ്യം**

- ദേശീയമൃഗമായ കടുവയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

✔ ദേശീയമൃഗമായ കടുവയെ പരിചയപ്പെടുത്തുന്നു.
✔ കൊളാഷ് നിർമ്മാണം
✔ കടുവകളെക്കുറിച്ച് വീഡിയോ അവതരണം

**നിർവ്വഹണച്ചുമതല**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**കാലയളവ്**

1 ദിവസം

**മോണിറ്ററിംഗ്**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

***ഗാന്ധി ജയന്തി- ഒക്ടോബർ 2***

**ലക്ഷ്യം**

- രാഷ്ട്രപിതാവായ ഗാന്ധിജിയെപ്പറ്റി മനസ്സിലാക്കുന്നു.
- സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ പങ്ക് മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

- ✔ സെമിനാർ - ഗാന്ധി ജീവിതത്തിലൂടെ
- ✔ കൊളാഷ് - ഗാന്ധിജി
- ✔ ഗാന്ധിജിയുടെ ജീവിതത്തിലെ വേറിട്ട സംഭവങ്ങൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
- ✔ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ
- ✔ ക്വിസ്സ് മത്സരം

**നിർവ്വഹണച്ചുമതല**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**കാലയളവ്**

1 ഒരാഴ്ച

**മോണിറ്ററിംഗ്**

പി.ടി.എ. സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

***കേരളപ്പിറവി- നവംബർ 1***

**ലക്ഷ്യം**

- കേരളത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

**പ്രവർത്തനങ്ങൾ**

- ✔ ഓരോ ദിവസവും ഓരോ ജില്ലയെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ -

അസംബ്ലി അവതരണം (ക്ലാസ്സ് തലം )

- ✔ കേരളഭൂപടം പരിചയപ്പെടൽ
- ✔ കേരളതനതു കലാരൂപങ്ങളുടെ ചിത്രങ്ങൾ ഉപയോഗിച്ച് കൊളാഷ് നിർമ്മാണം
- ✔ ചരിത്രസ്മാരകങ്ങളും , പ്രധാനവ്യക്തികളും പരിചയപ്പെടൽ

**നിർവ്വഹണച്ചുമതല**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**കാലയളവ്**

ഒരാഴ്ച

**മോണിറ്ററിംഗ്**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

## ***സമാധാനദിനം - സെപ്റ്റംബർ 21***

**ലക്ഷ്യം**

- ലോകസമാധാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.
- കുട്ടികളിൽ പരസ്പര സ്നേഹം , സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

- ✔ മനുഷ്യച്ചങ്ങല
- ✔ മെഴുകുതിരി കത്തിക്കൽ
- ✔ പ്ലക്കാർഡ് നിർമ്മാണം

**നിർവ്വഹണച്ചുമതല**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**കാലയളവ്**

1 ദിവസം

**മോണിറ്ററിംഗ്**

പി.ടി.എ. സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

## ***ഹിരോഷിമാ, നാഗസാക്കി ദിനം- ആഗസ്റ്റ് 6, 9***

**ലക്ഷ്യം**

- യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ച് മനസ്സിലാക്കുന്നു.

- യുദ്ധവിരുദ്ധ മനോഭാവം വളർത്തുക

**<u>പ്രവർത്തനങ്ങൾ</u>**

- ✔ സഡാക്കോ കൊക്ക് നിർമ്മാണം
- ✔ യുദ്ധവിരുദ്ധ പ്രതിജ്ഞ
- ✔ യുദ്ധവിരുദ്ധ പോസ്റ്റർ നിർമ്മാണം
- ✔ യുദ്ധവിരുദ്ധസന്ദേശമരം തയ്യാറാക്കൽ

**<u>നിർവ്വഹണച്ചുമതല</u>**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**<u>കാലയളവ്</u>**

ഒരാഴ്ച

**<u>മോണിറ്ററിംഗ്</u>**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർ. ജി. കൺവീനർ

## ***<u>പെയിൻ & പാലിയേറ്റീവ് ദിനം- ജനുവരി 15</u>***

**<u>ലക്ഷ്യം</u>**

- കാരുണ്യം , ആർദ്രത തുടങ്ങിയ മൂല്യങ്ങൾ വളർത്തുക

**<u>പ്രവർത്തനങ്ങൾ</u>**

- ✔ സഹായനിധി ശേഖരണം
- ✔ രോഗി സന്ദർശനം
- ✔ സഹായവിതരണം

**<u>നിർവ്വഹണച്ചുമതല</u>**

സാമൂഹ്യശാസ്ത്രക്ലബ്ബ്

**<u>കാലയളവ്</u>**

1 ദിവസം

**<u>മോണിറ്ററിംഗ്</u>**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

## ***<u>കർഷകദിനം - ചിങ്ങം 1</u>***

**<u>ലക്ഷ്യം</u>**

- കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
- കർഷകരോട് ആദരവ് വളർത്തുക

**<u>പ്രവർത്തനങ്ങൾ</u>**

- ✔ കർഷകരുമായി അഭിമുഖം
- ✔ കൃഷിയിടം സന്ദർശനം
- ✔ പ്രദേശത്തെ കർഷകനെ ആദരിക്കൽ
- ✔ ജൈവപച്ചക്കറിത്തോട്ട നിർമ്മാണം

<u>**നിർവ്വഹണച്ചുമതല**</u>

പരിസ്ഥിതി ക്ലബ്ബ്

<u>**കാലയളവ്**</u>

2 ആഴ്ച

<u>**മോണിറ്ററിംഗ്**</u>

പി.ടി.എ. സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

<u>***റിപ്പബ്ലിക് ദിനം - ജനുവരി 26***</u>

<u>**ലക്ഷ്യം**</u>

- കുട്ടികളിൽ ദേശസ്നേഹവും ദേശീയബോധവും വളർത്തുന്നതിന്
- ചരിത്രാന്വേഷണത്തിലേക്ക് നയിക്കുന്നതിന്

<u>**പ്രവർത്തനങ്ങൾ**</u>

- ✔ പതാക ഉയർത്തൽ
- ✔ റാലി
- ✔ പായസ വിതരണം
- ✔ ഭരണഘടനയെയും നിർമ്മാതാക്കളെയും പരിചയപ്പെടൽ

<u>**നിർവ്വഹണച്ചുമതല**</u>

സാമൂഹ്യശാസ്ത്രക്ലബ്ബ്

<u>**കാലയളവ്**</u>

1 ഒരാഴ്ച

<u>**മോണിറ്ററിംഗ്**</u>

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

---

## <u>കൃഷി</u>

<u>**ആമുഖം**</u>

കാർഷിക രാജ്യമായ ഇന്ത്യയിൽ ഇന്നും പട്ടിണിമരണങ്ങൾ റിപ്പോർട്ട്

ചെയ്യുന്നത് ലജ്ജാകരമാണ്. കൃഷി പരാജയപ്പെട്ടാൽ സർക്കാരും രാഷ്ട്രവും പരാജയപ്പെടും. എന്ന് പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. ഇന്ന് കൃഷി ജീവിതമാർഗ്ഗമായി തെരഞ്ഞെടുക്കാൻ ജനങ്ങൾ വിമുഖത കാണിക്കുന്നു. നിത്യജീവിതത്തിൽ ഭക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് കൃഷി ഒരു സംസ്കാരമായി കാണുകയും എല്ലാവരും കൃഷി ചെയ്യുകയും ചെയ്താൽ ഒരു പരിധി വരെ ദാരിദ്ര്യം ഇല്ലാതാക്കാൻ സാധിക്കും. അതിനായി കൃഷിയറിവുകൾ പരമാവധി പ്രയോജനപ്പെടുത്തി മുന്നോട്ടു പോകാം.

**ലക്ഷ്യം**

- രുചിയും ഗുണമേന്മയുമുള്ള ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം
- കൃഷി ഒരു സംസ്കാരമാണെന്ന തിരിച്ചറിവുണ്ടാക്കൽ
- ജൈവകൃഷി പ്രോത്സാഹനം

**പ്രവർത്തനങ്ങൾ**

- ✔ കൃഷിയിടം സന്ദർശിക്കൽ
- ✔ പട്ടിക രൂപീകരണം- സ്വന്തമായി കൃഷി ചെയ്യുന്നവ / പുറത്തു നിന്നും വാങ്ങുന്നവ
- ✔ അമ്പമ്പോ കീടനാശിനികൾ- സി.ഡി. പ്രദർശനം, കീടനാശിനികളെക്കുറിച്ച് മനസ്സിലാക്കുന്നു, പരിഹാരങ്ങൾ കണ്ടെത്തുന്നു.
- ✔ പോസ്റ്റർ രചന
- ✔ കൊളാഷ് നിർമ്മാണം
- ✔ കൃഷിയറിവുകൾ ശേഖരിക്കൽ - പതിപ്പാക്കൽ
- ✔ കൃഷിയുപകരണങ്ങൽ പരിചയപ്പെടൽ- പഴയത് , പുതിയത്
- ✔ സ്കൂളുകളിലും വീടുകളിലും പച്ചക്കറിത്തോട്ട നിർമ്മാണം, പരിപാലനം
- ✔ പച്ചക്കറികൾ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിലേക്ക്
- ✔ ഇലയറിവ് - ഇലക്കറികളഅ പ്രോത്സാഹിപ്പിക്കൽ
- ✔ ഭക്ഷ്യമേള സംഘടിപ്പിക്കൽ

**നിർവ്വഹണച്ചുമതല**

പരിസ്ഥിതി ക്ലബ്ബ്

**കാലയളവ്**

1 വർഷം

**മോണിറ്ററിംഗ്**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

---

# ആരോഗ്യം ശുചിത്വം

**ആമുഖം**

ശുചിത്വവും ആരോഗ്യവും പരസ്പര പൂരകങ്ങളായ പദങ്ങളാണ്. ഒരു വ്യക്തിയുടെ ആരോഗ്യം അവന്റെ ശുചിത്വബോധത്തിന്റെ വ്യക്തമായ

തെളിവാണ്. വൃത്തിയുള്ളിടത്തേ ശക്തിയുള്ളൂ. ശക്തരായി വളരാൻ സ്വച്ഛ് ഭാരത് മിഷനും കേരളശുചിത്വമിഷനുമെല്ലാം വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഓരോ വ്യക്തിക്കും അവരവരുടെ വ്യക്തി ശുചിത്വത്തെക്കുറിച്ചും സാമൂഹ്യത്തെക്കുറിച്ചും വ്യക്തമായ അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം.

"നമുക്കു ചുറ്റും നമ്മൾ തീർക്കുക
ശുചിത്വമാർന്നൊരു നവലോകം"

എന്ന സന്ദേശം ഓരോരുത്തരിലും സൃഷ്ടിക്കാനുതകുന്ന പ്രവർത്തനങ്ങളും ഉറവിട മാലിന്യസംസ്കരണപ്രവർത്തനങ്ങളും നമുക്ക് നടപ്പിലാക്കാം

**ലക്ഷ്യം**

- ശുചിത്വമുണ്ടെങ്കിലേ ആരോഗ്യമുള്ളൂ എന്ന തിരിച്ചറിവ്
- വ്യക്തിശുചിത്വത്തിന്റെയും സാമൂഹ്യശുചിത്വത്തിന്റെയും പ്രാധാന്യം മനസ്സിലാക്കുക.

**പ്രവർത്തനങ്ങൾ**

- ✔ ശുചിത്വ സർവ്വേ- വീടുകളിലെ ശുചിത്വത്തെക്കുറിച്ച് സർവ്വേ
- ✔ സർവ്വേ ഫോം ക്രോഡീകരണം
- ✔ രോഗങ്ങളും വാഹകരും - ബോധവത്കരണ ക്ലാസ്സ് (ഐ. സി.ടി. സാധ്യത)
- ✔ ശുചീകരണപ്രവർത്തനങ്ങൾ
- ✔ ഡ്രൈ ഡേ ആചരണം
- ✔ പോസ്റ്റർ രചന – ശുചിത്വം
- ✔ ചെക്ക് ലിസ്റ്റ് - വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് ചെക്ക് ലിസ്റ്റ് തയ്യാറാക്കുന്നു.
- ✔ ക്വിസ്സ് മത്സരം - ശുചിത്വവുമായി ബന്ധപ്പെട്ട്
- ✔ മെഡിക്കൽ ക്യാമ്പ്
- ✔ ബോധവത്കരണ ക്ലാസ്സ് - വ്യക്തി ശുചിത്വം
- ✔ കൈകഴുകൽ ദിനാചരണം - കൈകഴുകൽ മാതൃക അവതരണം

**നിർവ്വഹണച്ചുമതല**

ശുചിത്വ ക്ലബ്ബ്

**കാലയളവ്**

1 വർഷം

**മോണിറ്ററിംഗ്**

പി.ടി.എ. , സീനിയർ അസിസ്റ്റന്റ് , എസ്.ആർജി. കൺവീനർ

# ഗൃഹസന്ദർശനം

**ആമുഖം**

വിവിധ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടിൽ നിന്നും വരുന്നവരാണല്ലോ കുട്ടികൾ. അവർ ഓരോരുത്തരുടെയും ഗൃഹാന്തരീക്ഷം, മാതാപിതാക്കളുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ , എത്തിച്ചേരാനുള്ള ദൂരം ഇവയെല്ലാം വ്യക്തമായി മനസ്സിലാക്കിയാൽ മാത്രമേ കുട്ടികൾക്ക് ആവശ്യമായ പിന്തുണാസംവിധാനങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി ക്ലാസ്സ് അധ്യാപകർ ഓരോ കുട്ടികളുടെയും വീട് സന്ദർശിക്കുകയും മാതാപിതാക്കളുമായി നല്ല സൗഹൃദബന്ധം സ്ഥാപിക്കുകയും വേണം.

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സ്വതന്ത്രമായി ചർച്ചചെയ്യാനുള്ള സൗഹൃദമനോഭാവം അധ്യാപക രക്ഷാകർതൃ ബന്ധത്തിൽ ഉണ്ടാകേണ്ടതാണ്. ഇതിനായി ടീച്ചർ കുട്ടികലുടെ ഗൃഹാന്തരീക്ഷപഠനം ഉറപ്പാക്കണം. സ്നേഹം , പരിഗണന, സുരക്ഷിതത്വബോധം, അംഗീകാരം എന്നിവ നൽകി അധ്യാപിക / അധ്യാപകൻ ഒരു സഹ രക്ഷിതാവായി പ്രവർത്തിക്കണമെങ്കിൽ ഗൃഹസന്ദർശനം അനിവാര്യമാണ്.

**ലക്ഷ്യം**

- കുട്ടികളുടെ ഗൃഹാന്തരീക്ഷം , പഠനസാഹചര്യങ്ങൾ , കുടുംബത്തിന്റെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നതിന്
- കുട്ടികളെ അവരുടെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് മനസ്സിലാക്കി ആവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കൽ

**പ്രവർത്തനങ്ങൾ**

- ✔ സർവ്വേ ഫോം തയ്യാറാക്കൽ
- ✔ ഗൃഹസന്ദർശനം
- ✔ വിവരശേഖരണം
- ✔ വിലയിരുത്തൽ
- ✔ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പി.ടി.എ. യിൽ ചർച്ച നടത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കൽ ( പഠനസാമഗ്രികൾ, വൈദ്യുതീകരണം..)
- ✔ രക്ഷിതാക്കളുടെ പ്രാദേശിക പി.ടി.എ. രൂപീകരണം(അധ്യാപകർക്ക് , പ്രാദേശിക പി.ടി.എ കൺവീനർ എന്നിവർക്ക് ചുമതല )
- ✔ മാസത്തിലൊരിക്കൽ പ്രാദേശിക പി.ടി.എ.

✔ രക്ഷിതാക്കളുടെ വായന പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

**നിർവ്വഹണച്ചുമതല**

അധ്യാപകർ, പ്രാദേശിക പി.ടി.എ കൺവീനർ , സീനിയർ അസിസ്റ്റന്റ്

**ധനകാര്യവിശകലനം**

സർവ്വേ ഫോം തയ്യാറാക്കൽ - 2000/-
റിഫ്രെഷ്മെന്റ് - 1000/-

**കാലയളവ്**

1 വർഷം

**മോണിറ്ററിംഗ്**

പി.ടി.എ. പ്രതിനിധികൾ , പ്രധാനാധ്യാപിക

---

# ഉന്നതികളിലൂടെ... .

**ആമുഖം**

സാമൂഹ്യസാമ്പത്തിക പിന്നാക്കവിഭാഗത്തിൽപ്പെടുന്ന 100 ഓളം കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമാണിത്. അതിനാൽ ഹാജർകുറവ് , താഴ്ന്ന പഠനനിലവാരം , ആരോഗ്യപ്രശ്നങ്ങൾ എന്നിവയെല്ലാം സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് പലപ്പോഴും തടസ്സമാകുന്നുണ്ട്. ഇവയെല്ലാം അതിജീവിച്ച് മുന്നോട്ടു പോകാൻ സ്കൂളിൽ പല പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

**ലക്ഷ്യം**

- എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുക.
- പഠനപിന്നോക്കാവസ്ഥക്ക് പരിഹാരം കണ്ടെത്തുക.
- യാത്രാസൗകര്യം ഏർപ്പെടുത്തുക.
- പ്രത്യേക പി.ടി.എ./ സി.പി.ടി.എ. ഏർപ്പെടുത്തുക
- പ്രത്യേക ബാലസഭകൾ ചേരുക
- ആവശ്യമായ വസ്ത്രങ്ങൾ , പാദരക്ഷകൾ എന്നിവ സംഘടിപ്പിച്ച് നൽകുക.
- പ്രഭാതഭക്ഷണം എല്ലാ സ്കൂൾ ദിവസങ്ങളിലും ഏർപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

✔ ഗൃഹസന്ദർശനം- എല്ലാ കുട്ടികളുടെയും വീട് സന്ദർശിച്ച് ആവശ്യമായ പിന്തുണാസംവിധാനം നൽകുക.

- ✔ ലളിതമായ പഠനപ്രവർത്തനങ്ങൾ നൽകുക.(പ്രത്യേകിച്ച് ഇംഗ്ലീഷ്, ഗണിതം എന്നിവയ്ക്ക്)
- ✔ സ്പെഷ്യൽ ബാലസഭ
- ✔ യാത്രാസംവിധാനം - പി.ടി.എ. , ഡ്രൈവേഴ്സ് യൂണിയൻ, വാർഡ് മെമ്പർ എന്നിവരുടെ സഹകരണത്തോടുകൂടി
- ✔ എല്ലാ പ്രവർത്തി ദിവസവും പ്രഭാതഭക്ഷണം( പി.ടി.എ , സന്നദ്ധ സംഘടനകൾ എന്നിവയുടെ പിന്തുണയോടുകൂടി )
- ✔ ആവശ്യമായ വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവ ലഭ്യമാക്കൽ (ട്രൈബൽ ഡിപ്പാർട്ട്മെന്റ് , സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം)
- ✔ കോളനികളിൽ പ്രത്യേക പി.ടി.എ.
- ✔ ആദിവാസി കലാരൂപങ്ങളുടെ അവതരണം

**നിർവ്വഹണച്ചുമതല**

പി.ടി.എ. , എസ്.എസ്.ജി. , എസ്.ആർ.ജി.

**ധനകാര്യവിശകലനം**

പ്രഭാതഭക്ഷണം- (പി.ടി.എ. , സന്നദ്ധ സംഘടനകൾ )- 10000/-

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പി.ടി.എ. പ്രതിനിധികൾ , പ്രധാനാധ്യാപിക , സീനിയർ അസിസ്റ്റന്റ്

---

# ഫീൽഡ് ട്രിപ്പ് , പഠനയാത്ര

**ലക്ഷ്യം**

- അറിവു നേടൽ അനുഭവത്തിലുടെ
- ചെറുതും വലുതുമായ പഠനയാത്ര കുട്ടികൾക്ക് മാനസിക ഉല്ലാസം കൈവരിക്കൽ

**പ്രവർത്തനങ്ങൾ**

- ✔ ഫീൽഡ് ട്രിപ്പ് - സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ , മറ്റു തൊഴിലിടങ്ങൾ- ക്ലാസ്സ് തലത്തിൽ കുട്ടികളും അധ്യാപകരും ചേർന്ന് ലഘുയാത്രകൾ
- ✔ പഠനയാത്ര – മാനസികോല്ലാസ യാത്രകൾ

**നിർവ്വഹണച്ചുമതല**

പി.ടി.എ. , എസ്.ആർ.ജി.

**കാലയളവ്**

1 ദിവസം

**മോണിറ്ററിംഗ്**

പി.ടി.എ. പ്രതിനിധികൾ , പ്രധാനാധ്യാപിക , സീനിയർ അസിസ്റ്റന്റ്

# സാമൂഹ്യപങ്കാളിത്തം

**ആമുഖം**

പൊതുവിദ്യാലയം സമൂഹത്തിന്റെ ഭാഗമാണ് . സമൂഹവും സ്കൂളും തമ്മിലുള്ള ബന്ധം വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് അത്യാന്താപേക്ഷിതമാണ്. സാമൂഹ്യപങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമേ വിദ്യാലയത്തിന് അതിന്റെ പരമോന്നതലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളൂ. അതിനാൽ സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം അനിവാര്യമാണ്.

**ലക്ഷ്യം**

- മതസൗഹാർദ്ദ , സാഹോദര്യം എന്നിവ വളർത്തുക.
- സാമൂഹ്യബോധം വളർത്തുക

**പ്രവർത്തനങ്ങൾ**

***ഓണാഘോഷം***

✔ സ്നേഹപ്പൂക്കളം
✔ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഓണക്കളികൾ , മത്സരങ്ങൾ
✔ ഓണപ്പാട്ടുകൾ പാടൽ
✔ ഓണസദ്യ – അതിനു മുന്നോടിയായി വിഭവസമാഹരണം നടത്തുന്നു.
✔ സമ്മാനവിതരണം
✔ സ്നേഹക്കോടി വിതരണം

***റംസാൻ***

✔ മൈലാഞ്ചിയിടൽ മത്സരം
✔ റംസാൻ രുചി പങ്കിടൽ

***ക്രിസ്തുമസ്***

✔ ക്രിസ്തുമസ് ട്രീ ഒരുക്കൽ
✔ ക്രിസ്തുമസ് അപ്പൂപ്പൻ
✔ കേക്ക് മുറിക്കൽ
✔ ആശംസാകാർഡ് നിർമ്മാണം , അയയ്ക്കൽ

***വാർഷികാഘോഷം***

✔ എസ്.ആർ.ജി. യിൽ ആസൂത്രണം
✔ പി.ടി.എ. യിൽ ആസൂത്രണം
✔ കമ്മിറ്റികൾ രൂപീകരണം
✔ ചുമതലകൾ വിഭജിച്ചു നൽകൽ
✔ തീയതിയും സമയവും നിശ്ചയിക്കൽ
✔ സാമ്പത്തിക സമാഹരണം

- ✔ വാർഷികാഘോഷം

**<u>നിർവ്വഹണച്ചുമതല</u>**

പി.ടി.എ. , എസ്.ആർ.ജി.

**<u>കാലയളവ്</u>**

1 ദിവസം (അതാത് ദിവസം )

**<u>മോണിറ്ററിംഗ്</u>**

പി.ടി.എ. പ്രതിനിധികൾ , പ്രധാനാധ്യാപിക , സീനിയർ അസിസ്റ്റന്റ്

# ഗണിതം

*കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന ജ്ഞാനനിർമ്മാണ-പ്രക്രിയയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ് ഗണിതം. ഗണിതപഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ സ്വന്തം അറിവ് നിർമ്മിക്കുന്നതിനൊപ്പം അവന്റെ ദൈനംദിന ആവശ്യങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത ശേഷി ആർജ്ജിക്കുകയാണ് ചെയ്യുന്നത്. മറ്റ് വിഷയങ്ങൾക്കൊപ്പം ഗണിതപഠനം സുഗമമാക്കാൻ കഴിയുമ്പോഴാണ് പഠനം ആസ്വാദ്യകരമായിത്തീരുന്നത്. കുട്ടികളുടെ വികാസസാധ്യതകൾ സാക്ഷാത്കരിക്കാൻ കഴിയുന്ന ഗണിതപ്രഹേളികകളിൽ ഏർപ്പെടുമ്പോൾ ഗണിതപഠനം ഫലപ്രദമായിത്തീരുന്നു. അത്തരം*

*അനുഭവവേദ്യങ്ങളായ പ്രവർത്തനങ്ങൾ അധ്യാപിക ആസൂത്രണം ചെയ്യോണ്ടതാണ്. സജീവങ്ങളായ ഗണിതാശയങ്ങളിലേക്കും ചിന്തയിലേക്കും നയിക്കുന്ന ഗണിതലാബുകളുടെയും പഠനോപകരണങ്ങളുടെ ഉപയോഗത്തിലൂടെയും ഗണിതപഠനം ലളിതമാക്കിത്തീർക്കാൻ കഴിയുന്നതായിരിക്കും.*

# ഗണിതവിജയം

**ലക്ഷ്യം**

- ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ

**പ്രവർത്തനങ്ങൾ**

- അടിസ്ഥാന ആശയങ്ങളുമായി ബന്ധപ്പെട്ട ചോദ്യാവലി ഉണ്ടാക്കുന്നു.
- പ്രീ-ടെസ്റ്റ്
- മൂല്യനിർണയം
- റിസൾട്ട് രേഖപ്പെടുത്തൽ
- എസ്.ആർ.ജി. യിൽ അവതരണം
- സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ , കുട്ടികൾ മുൻക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ - വ്യക്തിഗതമായും ഗ്രൂപ്പായും
- വർക്ക് ഷീറ്റുകൾ നൽകുന്നു.
- രക്ഷിതാക്കളുടെ മീറ്റിംഗ് / ക്ലാസ്സ്

**നിർവ്വഹണച്ചുമതല**

എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ

**ധനകാര്യവിശകലനം**

വർക്ക് ഷീറ്റ് - 1000/-

**കാലയളവ്**

1 മാസം- ജൂൺ

**മോണിറ്ററിംഗ്**

ക്ലാസ്സ് അധ്യാപകർ ,പ്രധാനാധ്യാപിക, എസ്.ആർ.ജി. കൺവീനർ

---

# ഗണിതക്ലബ്ബ്

**ആമുഖം**

ഓരോ ക്ലാസ്സിലെയും ¼ ഒരു ഭാഗം കുട്ടികൾ ഗണിതക്ലബ്ബിൽ അംഗങ്ങളായിരിക്കും. ക്ലബ്ബ് മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

**ലക്ഷ്യം**

- ഗണിതാസ്വാദനത്തിനുള്ള അവസരമൊരുക്കുക.
- ഗണിതസമസ്യകളുടെ സാമൂഹികപരമായും ബുദ്ധിപരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാവുക
- നിർമ്മാണ പ്രക്രിയയിലെ കൃത്യതയും സൂക്ഷമതയും വർധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ക്വിസ്സ് മത്സരങ്ങൾ - മാസത്തിലൊരിക്കൽ - ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും, പുസ്തകങ്ങൾ വായനയ്ക്കായി നൽകി അതിനെ ആസ്പദമാക്കി ക്വിസ്സ് മത്സരം
- പസ്സിലുകൾ -അവതരണം, ഉത്തരങ്ങൾ കണ്ടെത്തുന്നവർക്ക് സമ്മാനം
- കുസൃതികണക്കുകൾ- അവതരണം, ഉത്തരങ്ങൾ കണ്ടെത്തുന്നവർക്ക് സമ്മാനം
- കലണ്ടർ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
- പഠനോപകരണ നിർമ്മാണം- വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട്,
- ഗണിതപ്പൂക്കളമത്സരം
- ഗണിത മാഗസിൻ- ഗണിതാശയങ്ങൾ , പ്രശ്നങ്ങൾ, പാറ്റേണുകൾ , ചിത്രങ്ങൾ , ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മാഗസിൻ
- പ്രകൃതിയിലുള്ള ഗണിത പാറ്റേണുകൾ ആസ്വദിക്കാനുള്ള അവസരമൊരുക്കുന്നു.
- ലഘുപ്രൊജക്റ്റുകൾ ചെയ്യുന്നു.
- ഗണിതത്തിലെ നാട്ടറിവുകൾ കണ്ടെത്തി അവതരിപ്പിക്കുന്നു. പതിപ്പു തയ്യാറാക്കുന്നു.
- ടാൻഗ്രാം നിർമ്മാണം - ക്ലാസ്സ് തലം, സ്കൂൾ തലം, പതിപ്പാക്കൽ
- സുഡോക്കു പരിശീലനം- ക്ലാസ്സ് തലം, സ്കൂൾ തല മത്സരം , സമ്മാനം

**നിർവ്വഹണച്ചുമതല**

എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ, ഗണിതക്ലബ്ബ് കൺവീനർ

**ധനകാര്യവിശകലനം**

മാഗസിൻ - 300/-
സ്റ്റേഷനറി(ചാർട്ട്,എ 4, )- 500/-
സമ്മാനങ്ങൾ - 1000/-

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

ക്ലാസ്സ് അധ്യാപകർ , പ്രധാനാധ്യാപിക, എസ്.ആർ.ജി. കൺവീനർ

# ഗണിതമേള

**ലക്ഷ്യം**

- കുട്ടിയുടെ നിർമ്മാണപ്രക്രിയയിലുള്ള കഴിവു വളർത്തുക.
- ഗണിതാസ്വാദനം- പുതിയ അറിവുകളും അനുഭവങ്ങളും നേടിക്കൊണ്ട

**പ്രവർത്തനങ്ങൾ**

- എസ്.ആർ.ജി. യിൽ ആസൂത്രണം
- ഗണിത ക്ലബ്ബിന് ചുമതല
- തീയതിയും സമയവും നിശ്ചയിക്കൽ
- വിശിഷ്ടാതിഥിയെ ക്ഷണിക്കൽ
- വിഭവസമാഹരണം
- കുറിപ്പു തയ്യാറാക്കൽ
- ക്രമീകരണം
- ഉദ്ഘാടനം
- മറ്റു ക്ലാസ്സുകൾക്ക് മേള കാണാൻ അവസരം

**നിർവ്വഹണച്ചുമതല**

എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ, ഗണിതക്ലബ്ബ് കൺവീനർ

**ധനകാര്യവിശകലനം**

സ്റ്റേഷനറി(ചാർട്ട്,എ 4, )- 1000/-
റിഫ്രഷ്മെന്റ് - 300/-

**കാലയളവ്**

ഒരു ദിവസം

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, എസ്.ആർ.ജി. കൺവീനർ, പി.ടി. എ. പ്രസിഡന്റ്

## ഗണിത ലാബ്

**ലക്ഷ്യം**

- ഗണിത പഠനം ലഘൂകരിക്കുക
- ഗണിതപഠനം ആസ്വാദ്യകരമാക്കുക

**പ്രവർത്തനങ്ങൾ**

- ഗണിത ലാബിൽ എന്തെല്ലാം? - എസ്. ആർ. ജി. യിൽ ചർച്ച
- ലിസ്റ്റ് തയ്യാറാക്കൽ
- അനുയോജ്യമായ സ്ഥലം കണ്ടെത്തൽ
- സാധനസാമഗ്രികൾ / പഠനോപകരണങ്ങൾ ശേഖരിക്കൽ/ നിർമ്മിക്കൽ,
- ഗണിതലാബിൽ സജ്ജീകരിക്കൽ
- ലഘുപ്രൊജക്റ്റുകൾ സജ്ജീകരിക്കൽ ( സ്കൂളിലെ ഒരുമാസത്തെ ഉച്ചഭക്ഷണച്ചെലവ്, വീടുകളിലെ വരവ് ചെലവ് കണക്കാക്കൽ )
- കുട്ടികൾക്ക് സ്വയം ചെയ്യാനുള്ള അവസരം

**നിർവ്വഹണച്ചുമതല**

എസ്.ആർ.ജി. കൺവീനർ, ഗണിതക്ലബ്ബ് കൺവീനർ

**ധനകാര്യവിശകലനം**

സ്റ്റേഷനറി(ചാർട്ട്,എ 4, )- 1000/-
റിഫ്രഷ്മെന്റ് - 300/-

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

പ്രധാനാധ്യാപിക, എസ്.ആർ.ജി. കൺവീനർ, പി.ടി. എ. പ്രസിഡന്റ്

## ക്ലാസ്സിലെ കച്ചവടം

**ലക്ഷ്യം**

- ദൈനം ദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ

ഉപയോഗപ്പെടുത്തുന്നു.

**പ്രവർത്തനങ്ങൾ**

- ക്ലാസ്സ് തല കച്ചവടം- എസ്.ആർ.ജി.യിൽ ചർച്ച
- ക്ലാസ്സിൽ അനുയാജ്യമായ സ്ഥലം കണ്ടെത്തുന്നു.
- സാധനങ്ങൾ ക്രമീകരിക്കുന്നു.( പേന, പെൻസിൽ, റബ്ബർ, കളർ പെൻസിൽ, നോട്ടുബുക്ക് )
- വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നു.
- ആവശ്യമായ സാധനങ്ങൾ വാങ്ങാൻ അവസരം (ആഴ്ചയിൽ ഒരിക്കൽ )
- വില കണക്കാക്കി സാധനങ്ങൾ വാങ്ങുന്നു.
- ക്ലാസ്സിലെ ഒരു കുട്ടിക്ക് കച്ചവടച്ചുമതല ( ഓരോ ആഴ്ചയും മാറി മാറി ചെയ്യാൻ അവസരം )

**നിർവ്വഹണച്ചുമതല**

ക്ലാസ്സ് അധ്യാപകർ, ഗണിതക്ലബ്ബ് കൺവീനർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ (ആഴ്ചയിൽ ഒരു ദിവസം വീതം )

**മോണിറ്ററിംഗ്**

സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി. കൺവീനർ, പി.ടി. എ. പ്രസിഡന്റ്

---

# ഗണിതപ്പെട്ടി

**ലക്ഷ്യം**

- ഗണിത പ്രശ്നങ്ങൾ കൃത്യതയോടെ , വേഗത്തിൽ വിശകലനം ചെയ്യുക.
- യുക്തിചിന്ത വളർത്തുക.

**പ്രവർത്തനങ്ങൾ**

- ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു.
- സമയം അനുവദിക്കുന്നു.
- വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു.
- ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കുന്നു.

**നിർവ്വഹണച്ചുമതല**

ഗണിതക്ലബ്ബ് കൺവീനർ

**കാലയളവ്**

ഒരു ദിവസം

**മോണിറ്ററിംഗ്**

എസ്.ആർ.ജി. കൺവീനർ, ഗണിതക്ലബ്ബ് കൺവീനർ, സീനിയർ അസിസ്റ്റന്റ്

# അറബിക്

**ലക്ഷ്യം**

- ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും നന്നായി സംസാരിക്കാനും ഉള്ള കഴിവു കുട്ടികളിൽ വികസിപ്പിക്കുക.
- പഠനനേട്ടം മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
- ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാപഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
- ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- സർഗ്ഗ കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- ഭാഷാകളികൾ

- വാചകങ്ങൾ നിർമ്മിക്കൽ, അക്ഷരങ്ങൾ ഉറപ്പിക്കൽ
- <u>ക്ലാസ്സ് ലൈബ്രറി</u> - ലളിതമായ അറബിക് പുസ്തകശേഖരണം, വായനാമത്സരം, ഇ- വായന, അറബിക് പത്ര വായന
- പതിപ്പുകളുടെ നിർമ്മാണം
- അറബിക് മേള നടത്തൽ
- അറബിക് ക്വിസ്സ് നടത്തൽ
- <u>ആസ്വാദനസഭ</u> – അറബി ആസ്വദിക്കാനും ശ്രവിക്കാനുമുള്ള അവസരം- മാസത്തിലൊരിക്കൽ
- <u>പദസമ്പത്ത്</u> - അറബി അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും ഒരു പദം മൈക്കിലൂടെ പരിചയപ്പെടുത്തുന്നു.
- <u>അറബിക് അസംബ്ലി</u> - വാർത്തകൾ വായിക്കൽ, കുറിപ്പുകൾ വായിക്കൽ,

**<u>നിർവ്വഹണച്ചുമതല</u>**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ , അറബിക് ക്ലബ്ബ്

**<u>കാലയളവ്</u>**

അധ്യയനവർഷം മുഴുവൻ

**<u>മോണിറ്ററിംഗ്</u>**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ

# <u>അറബിക് വസന്തം</u>

**<u>ലക്ഷ്യം</u>**

- അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

- ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.
- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയ്ന്റിൽ നിറം നൽകാൻ അവസരം
- പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ അടിസ്ഥാനത്തിൽ അറബിക് വസന്തം ക്ലാസ്സ് നൽകുന്നു.

**<u>നിർവ്വഹണച്ചുമതല</u>**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ

**<u>കാലയളവ്</u>**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ

---

# വായനാലോകം

**ലക്ഷ്യം**

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ
- നല്ല വായനക്കാരനാക്കുക.

**പ്രവർത്തനങ്ങൾ**

- ലഘുപുസ്തകങ്ങൾ ശേഖരണം - കുട്ടികളിൽ നിന്നും ശേഖരണം
- ഓരോ അറബിക് പീരിയഡിലും ആദ്യ അഞ്ചു മിനിറ്റിൽ ഒരാൾ ഒരു പുസ്തകത്തിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.
- കേട്ട കാര്യങ്ങൾ പങ്കു വെയ്ക്കുക.
- വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വെയ്ക്കുക
- കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം

**നിർവ്വഹണച്ചുമതല**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ , ക്ലാസ്സ് ലീഡർ

**കാലയളവ്**

അധ്യയനവർഷം മുഴുവൻ

**മോണിറ്ററിംഗ്**

അറബിക് അധ്യാപകൻ , എസ്. ആർ. ജി. കൺവീനർ

# കായിക വിദ്യാഭ്യാസം

*ഒരു സമൂഹത്തിന്റെ ഏറ്റവും അത്യാവശ്യമായ ഘടകമാണ് ആരോഗ്യം. ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം. ഓരോ കുട്ടിക്കുമ സാമൂഹ്യപരവും സാമ്പത്തികപരവും വർണ്ണ വർഗ്ഗപരവുമായ വേർതിരിവില്ലാതെതന്നെ കായികവിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശമുണ്ട്. ലഹരിവസ്തുക്കളുടെ ഉപയോഗം ,ചിട്ടയില്ലാത്ത ആഹാരക്രമം, ശുചിത്വമില്ലായ്മ എന്നിവ ആരോഗ്യകായിക ശേഷിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. കായികവിദ്യാഭ്യാസം വിദ്യാഭ്യാസഅവകാശനിയമത്തിന്റെ ഭാഗമാണ്. കായിക- വിദ്യാഭ്യസത്തിലെ പങ്കാളിത്തം മാനസികവികാസത്തിനും അക്കാദമിക വികസനത്തിനും സഹായിക്കുന്നു.*

# <u>ഫിസിക്കൽ എക്സർസൈസ്</u>

**<u>ആമുഖം</u>**

ശാരീരികക്ഷമത നിലനിർത്തുന്നതിനും പൂർണ്ണ ആരോഗ്യവും നിലനിർത്തുന്നതിന് ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഫിസിക്കൽ എക്സർസൈസ്. ശാരീരികക്ഷമതയ്ക്കൊപ്പം മാനസികശേഷി കൈവരിക്കുന്നതിന് എക്സർ സൈസുകൾ വഴി സാധിക്കും.

**<u>ലക്ഷ്യം</u>**

- ലഘു വ്യായാമങ്ങൾ ചെയ്യുന്നതിലൂടെ ശാരീരികക്ഷമത നിലനിർത്തുക.

**<u>പ്രവർത്തനങ്ങൾ</u>**

- <u>നടത്തം-</u> ദിവസവും വൈകുന്നേരങ്ങളിൽ നിശ്ചിതസമയം നടക്കുന്നതിനുള്ള അവസരം
- <u>മാസ്സ് ഡ്രിൽ പരിശീലനം</u> - പ്രത്യേക അസംബ്ലിയിൽ അവതരണം,
- <u>വ്യായാമമുറകൾ പരിശീലനം</u> - ആഴ്ചയിൽ 1 പീരിയഡ്
- നീന്തൽ പരിശീലനം

**നിർവ്വഹണച്ചുമതല**

കായികക്ലബ്ബ് കൺവീനർ, ക്ലാസ്സ് അധ്യാപകർ

**കാലയളവ്**

5 വർഷം

**മോണിറ്ററിംഗ്**

കായികക്ലബ്ബ് കൺവീനർ, ക്ലാസ്സ് അധ്യാപകർ ,പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്

## പ്രഥമശുശ്രൂഷ- ഏകദിനക്യാമ്പ്

കുട്ടികൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ഒന്നാണ് അപകടങ്ങളിൽ രക്ഷ നേടുന്നതിനുള്ള പാഠങ്ങൾ. ചെറുപ്രായത്തിൽ ഇത്തരം രക്ഷാപ്രവർത്തനങ്ങളുടെ പരിശീലനം കിട്ടുന്നത് വളരെ ഗുണകരമാണ്. ഒറ്റയ്ക്കോ കൂട്ടമായോ സഞ്ചരിക്കുമ്പോൾ കുട്ടികൾ പലതരത്തിലുള്ള അപകടങ്ങളിൽപ്പെടാറുണ്ട്. ഇതിൽ നിന്ന് രക്ഷ നേടാൻ വ്യക്തമായ പരിശീലനം ലഭിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. സ്കൂളുകളിൽ മോക് ഡ്രിൽ നടത്തുമ്പോൾ എല്ലാ കുട്ടികൾക്കും അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യുന്നു.

**ലക്ഷ്യം**

- അപകടങ്ങളിൽ നിന്നും രക്ഷ നേടുന്നതിനുള്ള പരിശീലനം നേടുക.

**പ്രവർത്തനങ്ങൾ**

- എസ്.ആർ.ജി. യിൽ ചർച്ച ചെയ്യുന്നു.
- മൊഡ്യൂൾ തയ്യാറാക്കുന്നു.

- റിസോഴ്സ് പേഴ്സൺസിനെ കണ്ടെത്തുന്നു.(ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ,ഡോക്ർമാർ നീന്തൽ വിദഗ്ധർ),ക്ഷണിക്കുന്നു.
- ദിവസം തീരുമാനിക്കുന്നു.
- ക്യാമ്പ് നടത്തുന്നു- ഫയർ എക്സ്റ്റിംഗുഷർ പരിചയപ്പെടുത്തൽ, പ്രഥമശുശ്രൂഷ പരിചയപ്പെടുത്തൽ

**<u>നിർവ്വഹണച്ചുമതല</u>**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ് , കായികക്ലബ്ബ് കൺവീനർ

**<u>ധനകാര്യവിശകലനം</u>**

റിസോഴ്സ് പേഴ്സൺസ് ടി.എ. - 1000/-
റിഫ്രഷ്മെന്റ് - 1000/-
സ്രോതസ്സ് - പി.ടി.എ.

**<u>കാലയളവ്</u>**

ഒരു ദിവസം( ഒക്ടോബർ മാസം )

**<u>മോണിറ്ററിംഗ്</u>**

പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ് , കായികക്ലബ്ബ് കൺവീനർ

# <u>മത്സരങ്ങൾ</u>

അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം പ്രാധാന്യമുള്ള ഒന്നാണ് മത്സരങ്ങൾ. കുട്ടികളിൽ മത്സരചിന്തയുണർത്തുന്നതിനും പഠനപ്രവർത്തനത്തിന്റെ വേഗത കൂട്ടുന്നതിനും ഇത് വളരെ സഹായിക്കുന്നു. സഹകരണമനോഭാവം വളർത്തുന്നതിനും ആശയങ്ങൾ , തന്ത്രങ്ങൾ കൈമാറുന്നതിനും മത്സരങ്ങൾക്ക് കഴിയും. ബുദ്ധി ശക്തി, ചിന്താശേഷി എന്നിവയുടെ സമഗ്രമായ വളർച്ചയ്ക്ക് മത്സരങ്ങൾക്ക് വളരെ പ്രാധാന്യമാണുള്ളത്.

**<u>ലക്ഷ്യം</u>**

- കുട്ടികളിൽ സഹകരണമനോഭാവം വളർത്തുക, കായികശേഷി വർധിപ്പിക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

- സ്കൂൾ തല കായിക മേള നടത്തുക – ഓട്ടമത്സരം,ലോങ് ജംപ്

- ആസൂത്രണം
- ദിവസവും സമയവും നിശ്ചയിക്കൽ
- ഉദ്ഘാടനം
- സമ്മാന വിതരണം

**നിർവ്വഹണച്ചുമതല**

കായികക്ലബ്ബ് കൺവീനർ

**ധനകാര്യവിശകലനം**

സമ്മാനങ്ങൾ - 2000/-
റിഫ്രഷ്മെന്റ് - 1000/-
സ്രോതസ്സ് - പി.ടി.എ.

**കാലയളവ്**

ഒരു ദിവസം(സെപ്റ്റംബർ മാസം )

**മോണിറ്ററിംഗ്**

പി.ടി.എ. പ്രസിഡന്റ് , കായികക്ലബ്ബ് കൺവീനർ

# കലാ പ്രവൃത്തിപരിചയ പഠനം

കുട്ടികളുടെ സമഗ്രമായ വികസനത്തിന് കലാ പ്രവൃത്തിപരിചയ പഠനത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. സർഗാത്മകമായ കഴിവുകൾ ഓരോ കുട്ടിയിലും വ്യത്യസ്ത നിലവാരത്തിലും വ്യത്യസ്ത തലത്തിലുമായിരിക്കും. ഈ കഴിവുകൾ വികസിപ്പിക്കുവാൻ തക്ക നിരവധി പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെയ്യുവാൻ കഴിയും. അതിനുള്ള വേദികൾ സ്കൂളിൽ തന്നെ വിദ്യാർഥികൾക്ക് ഒരുക്കി നൽകേണ്ടതുണ്ട്.

**ലക്ഷ്യം**

- കുട്ടികളുടെ കലാപരമായ കഴിവുകളോടൊപ്പം നിർമ്മാണപരമായ കഴിവുകൾക്ക് സഹായവും പ്രോത്സാഹനവും നൽകുക.

# കരകൗശലനിർമ്മാണശില്പശാല

**ലക്ഷ്യം**

- പാഴ്‌വസ്തുക്കളിൽ നിന്ന് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നു.

**പ്രവർത്തനങ്ങൾ**

- കുട്ടികളെ തെരഞ്ഞെടുക്കുന്നു.
- മേഖലകൾ തീരുമാനിക്കുന്നു(പാവ നിർമ്മാണം, പൂക്കൾ നിർമ്മാണം, വീട് നിർമ്മാണം, പഠനോപകരണ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം)
- ആർ.പി. മാരെ കണ്ടെത്തുന്നു.
- സമയം തീരുമാനിക്കുന്നു.
- സാധനസാമഗ്രികൾ ശേഖരിക്കുന്നു.
- ശില്പശാല സംഘടിപ്പിക്കുന്നു.

**നിർവ്വഹണച്ചുമതല**

സ്പെഷ്യൽ ടീച്ചർ ( പ്രവൃത്തിപരിചയം), കലാ പ്രവൃത്തി പരിചയ ക്ലബ്ബ് കൺവീനർ

**ധനകാര്യവിശകലനം**

സാധനസാമഗ്രികൾ വാങ്ങാൻ-3000/-
റിഫ്രഷ്മെന്റ് -1000/-

**മോണിറ്ററിംഗ്**

സ്പെഷ്യൽ ടീച്ചർ ( പ്രവൃത്തിപരിചയം),പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ്

# പഠനോപകരണ നിർമ്മാണ ശില്പശാല

**ലക്ഷ്യം**

- പഠനത്തിനും പാഠ്യാനുബന്ധപ്രവർത്തനങ്ങൾക്കും അനുയോജ്യമായ പഠനോപകതണങ്ങൾ നിർമ്മിക്കുക.
- പഠനത്തിൽ പിന്നോക്കക്കാരായവരെ മുൻനിരയിൽ എത്തിക്കുക.

**പ്രവർത്തനങ്ങൾ**

- എസ്.ആർ.ജി യിൽ ചർച്ച
- പഠനോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ (ജ്യാമിതീയരൂപങ്ങൾ, ക്ലോക്ക്, അളവുപാത്രങ്ങൾ, മീറ്റർ സ്കെയിൽ,അബാക്കസ്, മഴമാപിനി, കാറ്റാടി, ജലചക്രം.......)
- ആർ.പി.മാരെ കണ്ടെത്തൽ

- സമയം തീരുമാനിക്കുന്നു.
- സാധനസാമഗ്രികൾ സംഘടിപ്പിക്കുന്നു.
- ശില്പശാല സംഘടിപ്പിക്കൽ

**നിർവ്വഹണച്ചുമതല**

സ്പെഷ്യൽ ടീച്ചർ ( പ്രവൃത്തിപരിചയം), കലാ പ്രവൃത്തി പരിചയ ക്ലബ്ബ് കൺവീനർ , ക്ലാസ്സ് അധ്യാപകർ

**ധനകാര്യവിശകലനം**

സാധനസാമഗ്രികൾ വാങ്ങാൻ-3000/-
റിഫ്രഷ്മെന്റ് -1000/-

**മോണിറ്ററിംഗ്**

സ്പെഷ്യൽ ടീച്ചർ (പ്രവൃത്തിപരിചയം),പ്രധാനാധ്യാപിക, പി.ടി.എ. പ്രസിഡന്റ് , എസ്.ആർ.ജി. കൺവീനർ

---

# ചിത്രരചനാ ക്യാമ്പ്

**ലക്ഷ്യം**

- സർഗാത്മകമായ കഴിവ് വളർത്തുക.
- സമൂഹത്തിന് ഗുണപ്രദമായ ആശയങ്ങൾ (ചിത്രങ്ങളിലൂടെ ) നൽകുക.

**പ്രവർത്തനങ്ങൾ**

- എസ്.ആർ.ജി യിൽ ചർച്ച
- ആർ.പി.മാരെ കണ്ടെത്തൽ
- സമയം തീരുമാനിക്കുന്നു.
- സാധനസാമഗ്രികൾ സംഘടിപ്പിക്കുന്നു.
- ചിത്രരചനാ ക്യാമ്പ് സംഘടിപ്പിക്കൽ
- മികച്ച പ്രകടനം കാഴ്ച വച്ചവരെ അനുമോദിക്കൽ

**നിർവ്വഹണച്ചുമതല**

സ്പെഷ്യൽ ടീച്ചർ ( പ്രവൃത്തിപരിചയം), കലാ പ്രവൃത്തി പരിചയ ക്ലബ്ബ് കൺവീനർ , ക്ലാസ്സ് അധ്യാപകർ

**ധനകാര്യവിശകലനം**

സാധനസാമഗ്രികൾ വാങ്ങാൻ-1500/-
റിഫ്രഷ്മെന്റ് -1000/-

**<u>മോണിറ്ററിംഗ്</u>**

സ്പെഷ്യൽ ടീച്ചർ (പ്രവൃത്തിപരിചയം), പ്രധാനാധ്യാപിക, പി.ടി.എ.പ്രസിഡന്റ് , എസ്.ആർ.ജി. കൺവീനർ

# സർഗാത്മകത

*മനുഷ്യന്റെ അനന്തമായ കവിവുകളെ അതിന്റെ മൂർത്തീമത്ഭാവത്തോടെയും തന്മയത്വത്തോടെയും സമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുകയും അതിൽ മനസ്സുകളെ ആനന്ദത്തിൽ മുഴുകിപ്പിക്കാനും കഴിയുന്നുവെങ്കിൽ ആ കഴിവാണ് സർഗാത്മകമായ കഴിവ് . എല്ലാ മനുഷ്യരും സർഗാത്മകമായ കഴിവുകളോടെയാണ് ജനിക്കുന്നത്. എന്നാൽ പല*

*കാരണങ്ങളാൽ ആ കഴിവുകൾ വേണ്ടവിധം പ്രകടിപ്പിക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ കഴിയാതെ വരുന്നു. ഓരോ കുട്ടിയുടെയും സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുവാനും അതിനെ പ്രോത്സാഹിപ്പിക്കുവാനും ഏറ്റവും അനുയോജ്യമായ സ്ഥലം വിദ്യാലയം തന്നെയാണ്.*

# **<u>കഥക്കൂട്ട്</u>**

**<u>ആമുഖം</u>**

കുട്ടികളിൽ കഥപറയുവാനും കഥകൾ കേൾക്കുവാനും ആസ്വദിക്കുവാനും ചെറുകഥകൾ എഴുതുവാനുമുള്ള കഴിവുകൾ പലതരത്തിലാണ്. ഇത്തരം കഴിവുകൾ വികസിപ്പിക്കുന്നതിന് പലതരം നൈപുണികൾ കുട്ടികൾ നേടേണ്ടതുണ്ട്. കുട്ടികൾക്ക് വിവിധങ്ങളായ അനുഭവങ്ങൾ ലഭിക്കുമ്പോൾ കുട്ടികളുടെ ചിന്തയെ ഉണർത്താൻ കഴിയുന്നു. അതോടൊപ്പം അവരുടെ സർഗ്ഗശേഷികൾ വികസിക്കുവാനും സഹായിക്കുന്നു.

**<u>ലക്ഷ്യം</u>**

- ലഘുകഥകൾ കേട്ട് ആസ്വദിക്കുന്നതിനും കഥകൾ പറയുന്നതിനും കഥാരചനകൾ നടത്തുന്നതിനും നല്ല കഥകൾ തെരഞ്ഞെടുത്ത് വായിക്കുന്നതിനുമുള്ള കഴിവു നേടുന്നതിന്

**പ്രവർത്തനങ്ങൾ**

- ✔ സ്കൂൾ റേഡിയോ - ഇടവേളകളിൽ കഥകൾ കേൾക്കാനുള്ള അവസരം , കുട്ടികൾക്ക് കഥകൾ പറയാനുള്ള അവസരം
- ✔ കഥകൾ അസംബ്ലിയിൽ- അധ്യാപകർ , കുട്ടികൾ
- ✔ രക്ഷിതാക്കൾ കഥപറയുമ്പോൾ- ബാലസഭകളിൽ , സി.പി.ടി.എ. യിൽ
- ✔ കഥ പൂർത്തിയാക്കാം - അപൂർണ്ണങ്ങളായ കഥാഭാഗങ്ങൾ പൂർത്തിയാക്കാൻ അവസരം (ക്ലാസ്സ് തലത്തിൽ ) , മികച്ച കഥകൾക്ക് സമ്മാനം
- ✔ ചിത്രത്തിൽ നിന്ന് കഥകൾ തയ്യാറാക്കൽ-ക്ലാസ്സ്തലം,മികച്ചവയ്ക്ക് സമ്മാനം
- ✔ കഥകളിൽ നിന്ന് ചിത്രങ്ങൾ വരയ്ക്കൽ - ക്ലാസ്സ് തലം, മികച്ചവയ്ക്ക് സമ്മാനം
- ✔ പ്രശസ്തരുടെ കഥകൾ വായിക്കാനുള്ള അവസരം

**നിർവ്വഹണച്ചുമതല**

ഭാഷാക്ലബ്ബ്

**ധനകാര്യവിശകലനം**

സ്കൂൾ റേഡിയോ - 20000/-
സ്രോതസ്സ് - സാംസ്കാരിക സംഘടനകൾ, പൂർവ്വവിദ്യാർത്ഥികൾ

**കാലയളവ്**

5 വർഷം

**മോണിറ്ററിംഗ്**

സീനിയർ അസിസ്റ്റന്റ് , എസ്.ആർ.ജി. കൺവീനർ

# സർഗവേള

**ആമുഖം**

കുട്ടികൾക്ക് അവരുടെ കഴിവുകൾ ധൈര്യത്തോടെയും സ്വതന്ത്രമായും അവതരിപ്പിക്കാൻ കഴിയുന്ന വേദിയാണ്. സർഗവേളകൾ. സർഗവേളയിലൂടെ വളർന്നു വരുന്ന കുട്ടികൾക്ക് ആത്മവിശ്വാസം നേടാൻ കഴിയുന്ന പലതരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ കഴിയുന്നു. സർഗവേളകൾ എപ്പോഴും കുട്ടികളുടെ മേൽനോട്ടത്തിൽ ആയിരിക്കണം. നല്ല നേതൃത്വത്തിൽ പാടവമുള്ള കുട്ടികൾ ചുമതലകൾ ഏൽക്കുകയും വേണം. സർഗവേളകളിൽ കുട്ടികളുടെ പങ്കാളിത്തം , താല്പര്യം എന്നിവ

പരിഗണിക്കണം.

**<u>ലക്ഷ്യം</u>**

- കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക.

**<u>പ്രവർത്തനങ്ങൾ</u>**

- ആസൂത്രണം
- സമയം നിശ്ചയിക്കൽ (ക്ലാസ്സ് തലത്തിലും (ആഴ്ചയിലൊരിക്കൽ) , സ്കൂൾ തലത്തിലും(മാസത്തിലൊരിക്കൽ, ഒരു ക്ലാസ്സിന് ചുമതല) )
- കുട്ടികൾക്ക് ചുമതല നൽകൽ
- പരിപാടികൾ നിശ്ചയിക്കൽ
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ
- രേഖയാക്കി സൂക്ഷിക്കൽ

**<u>നിർവ്വഹണച്ചുമതല</u>**

ഭാഷാക്ലബ്ബ് , സ്കൂൾ ലീഡർ , ക്ലാസ്സ് ലീഡർ

**<u>കാലയളവ്</u>**

5 വർഷം

**<u>മോണിറ്ററിംഗ്</u>**

സീനിയർ അസിസ്റ്റന്റ് , എസ്.ആർ.ജി. കൺവീനർ